കഥാവലി.

എറണാകുളം സെൻറ് മേരീസ് സി. വൈ. എം. എ.-യുടെ
ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിക്കുന്നത്.

പുസ്തകം ൨. | ൧൯൨൯ ജൂൺ. | ലക്കം ൧൦.

മ ഗളം.

മർത്ത്യക്കായ് മാംസ, മെൽ,ത്തോൽ, നിണാമിവഖേലിയാ -
യ് ത്തീർത്തഹോ ക്രൂശിലേറി
പ്രീത്യാ, പ്രാണൻ പിതാവിൻ കരസുമമതിലർ -
പ്പിച്ച പുത്രന്റെ ദേഹം
കത്തിക്കാളും വ്യഥത്തീമനമതിലെരിയി -
ച്ചായതിൻ ബാഷ്പമേറാം
നേത്രദ്വാരാ ചൊരിഞ്ഞീടുനടി മടിമേൽ
ചേത്ത 'മയ്യാങ്ക്' പാഹി.

ശ്രീമാൻ ആർ. ആൻറണി, തൊകലത്ത്.

ഒരു പുതിയ ധ്യാനമന്ദിരം.

റവ. ഫാദർ തെല്ലിയെ ബെങ്കാൾ മിഷനിൽപെട്ട ഒരു ജെസ്യിറ്റു വൈദികനാണ്. അദ്ദേഹം ഏതാനും മാസങ്ങൾക്കുമുമ്പു ബോമ്പെ, ബാൻഡ്രാ എന്ന പട്ടണങ്ങളിൽ പലേ ധ്യാനപ്രസംഗങ്ങൾ നടത്തുകയുണ്ടായി. നൂറോ ആളുകളോളം ആ ധ്യാനങ്ങളിൽ സംബന്ധിച്ചു

ഇവന്നറിയുമ്പോൾ മദ്ധ്യയുഗങ്ങളിലെ സംഭവങ്ങളെപ്പറ്റി എത്രയെങ്കിലും സ്മരണയാണ് നമുക്കുണ്ടാകുന്നതു്. ഈ ധ്യാനമുറ സ്ഥിരമായി കൊല്ലംതോറും നിലനിറുത്തിക്കൊണ്ടുപോകണമെന്നുവിചാരിച്ചു് അതിലേക്കു് ഒരു ധ്യാനമന്ദിരം പണിയണമെന്നു അദ്ദേഹം നിശ്ചയിച്ചു. ഈ അഭിപ്രായം പൊതുജനങ്ങൾ ആവശ്യമായിക്കരുതുന്നതാണോ എന്നും അതിലേക്കു് അവർ വേണ്ടതായ സഹായം ചെയ്യാൻ ഒരുക്കമുണ്ടോ എന്നും അറിവാനായിരുന്നു അദ്ദേഹത്തിന്റെ ആദ്യത്തെ ശ്രമം. ഈ ശ്രമം വളരെ സഫലമായി. സകല ജനങ്ങളും അങ്ങിനെ ഒരു മന്ദിരം ആവശ്യമാണെന്നു നിസ്സംശയമായി സമ്മതിച്ചു. അതിനു സഹായിക്കാമെന്നും വളരെപ്പേർ സമ്മതിച്ചു. ധനസഹായവാഗ്ദാനങ്ങൾ ആയിരക്കണക്കിനു വന്നുതുടങ്ങി. സ്ത്രീകൾ ആഭരണങ്ങളും പണ്ടങ്ങളുമെല്ലാം അതിലേക്കു് സസന്തോഷം ദാനംചെയ്തു. കൂട്ടികൾ, മേൽപറഞ്ഞ വൈദികവയ്യന്റെ തൽപ്രയത്നമനുസരിച്ചു്, എത്രാനാംനാൾ പഞ്ചസാര കൂടാതെ കാപ്പികുടിച്ചിട്ടു് അതിൽനിന്നുണ്ടാകുന്ന ആദായം ധ്യാനമന്ദിരഫണ്ടിലേക്കു് നൽകി. ടി. മന്ദിരത്തിലേക്കു വളരെ സഹായനിലയിൽ സ്ഥലംകൊടുക്കുമെന്നു മൂന്നുനാലുപേർ എഴുതിയിരിക്കുന്നു. ആദ്യം ഇതു ബോസ്റ്റൻ നഗരത്തിൽ സ്ഥാപിപ്പാനാണു് തീർച്ചയാക്കിയതു്. പിന്നീടുള്ള ആലോചനയിൽ പട്ടണത്തിന്റെ ഉപദ്രവമില്ലാത്തവിധം സമീപത്തായി ഒരു സുഖവാസസ്ഥലത്തു് അതു സ്ഥാപിക്കുന്നതു നന്നായിരിക്കുമെന്നാണു് തീരുമാനിച്ചതു്. ആത്മാവിന്നും ശരീരത്തിന്നും സുഖകരമായ ഒരു സ്ഥലം ടി. വൈദികവയ്യൻ കണ്ടുവച്ചിട്ടു്. അതു ഇതിലേക്കു കിട്ടുന്നതിനാണു് അദ്ദേഹം ശ്രമിക്കുന്നതു്. മന്ദിരത്തിൽ രാവു മുതൽ ഒമ്പതു വരെ ആളുകൾക്കു താമസത്തിനുള്ള സൗകര്യങ്ങളുണ്ടാവും. ഓരോരുത്തക്കും സുഖകരമായ ഓരോ സ്വകാര്യമുറികളും ഓരോ തീന്നുയും ഓരോ തോട്ടവും ഉണ്ടായിരിക്കും. കപ്പേള ഈ കെട്ടിടത്തിന്റെ മുകളിലത്തെ നിലയിൽ എല്ലാവർക്കും സൗകര്യമായ നിലയിൽ ആയിരിക്കുന്നതാണു്. ഒരാളിന്നു വേണമെങ്കിൽ ഒരു സ്വകാര്യമുറി പണിയിക്കുന്നതിനുള്ള പണം ദാനം ചെയ്യാം. ഒരു മുറിക്കു ഏകദേശം ക. യാണു് ഇപ്പോൾ കണക്കാക്കിയിരിക്കുന്നതു്. പരസ്യമുറിക്കാണെങ്കിൽ ഏകദേശം ക. യാണു് കണക്കാക്കിയിട്ടുള്ളതു്. ഇങ്ങിനെ ഓരോമുറി പണിയിക്കാൻ വേണ്ടുന്നപണം കൊടുക്കുന്നവരുടെ പേർപറഞ്ഞു് അവർക്കവേണ്ടി അതതു മുറികളിൽ താമസിക്കുന്നവർ പ്രാർത്ഥിക്കാൻ ആവശ്യപ്പെടുന്ന ഒരു ലിഖിതം ആ മുറിയിൽ

തിരുഹൃദയത്തോടു വിശേഷവും ഭക്തിയുള്ളവരായിരിക്കുക.

സ്ഥിരമായിസ്ഥാപിക്കുന്നതാണ്. ഉദ്ദേശിച്ചിട്ടുള്ള അമ്പതു മുറികളിൽ മുപ്പതെണ്ണം ഓരോ ആളുകൾ ഏറ്റുകഴിഞ്ഞിരിക്കുന്നു. ധ്യാനമന്ദിര സഹായ ഫണ്ടിലേക്കു കിട്ടിയിട്ടുള്ള പൊൻ വെള്ളി ആഭരണങ്ങളെല്ലാം സക്രാരി, തിരുക്കർമ്മങ്ങൾക്കുള്ള പാത്രങ്ങൾ, അരുളിക്കാ മുതലായവയ്ക്കായി വിനിയോഗിക്കുന്നതാണ്. ഈ വകയിൽ ഇപ്പോൾ ഓഫീസിൽപരം ഉറുപ്പിക പിരിഞ്ഞു കിട്ടിയിട്ടുണ്ട്. ധ്യാന പ്രസംഗങ്ങളാൽ ടി വൈദീകവയ്ക്കുന കത്തോലിക്കരല്ലാത്തവരുടെ ഇടയിലും പലേ സ്നേഹിതന്മാരുമുണ്ടായിട്ടുണ്ട്. അവരും ധ്യാനമന്ദിരത്തിലേയ്ക്കു ആകപ്പാടെ വേണ്ടിവരുമെന്നു കണക്കാക്കിയിട്ടുള്ള രണ്ടുലക്ഷം രൂപാ ഫണ്ടിലേക്കു ധനസഹായം ചെയ്യാമെന്നു ഏറ്റിട്ടുണ്ട്. അദ്ദേഹം ബോമ്പെയിൽനിന്നു ചൊട്ടാനാഗപ്പൂരിലെ മുണ്ടാസ് എന്ന ജനങ്ങളുടെ ഇടയിൽ വേലചെയ്വാൻ പോയി. പോകുമ്പോൾ താൻ മൂന്നു വാരത്തിനകം മടങ്ങുമെന്നും അതിനിടയിൽ ഒരു ലക്ഷം രൂപാ പിരിച്ചുണ്ടാക്കണമെന്നും അദ്ദേഹം കൂട്ടുകാരോടു പറയുകയുണ്ടായി. അവർ അതു നിവർത്തിച്ചുകൊള്ളാമെന്നു സസന്തോഷം ഏല്ക്കുകയും ചെയ്തു.

ഒന്നാന്തരത്തിൽ വേണ്ടതായ സകല ഉപകരണങ്ങളോടും കൂടിയ ഒരു ധ്യാനമന്ദിരം ഉണ്ടാക്കുന്നതിനെക്കാൾ അധികം വിശേഷമായ ഉദ്ദേശത്തോടുകൂടിയ ഒരു കത്തോലിക്കാ പരിശ്രമമില്ല. നല്ല നിലയിൽ നടത്തപ്പെടുന്ന ഒരു ധ്യാനമന്ദിരമുള്ള സ്ഥലത്തെ കത്തോലിക്കരുടെ ജീവിതം വളരെ ശുദ്ധീകരിക്കപ്പെടുമെന്നുള്ളതിനു സംശയമില്ല. യൂറോപ്പിൽ എല്ലാരാജ്യങ്ങളിലും, വിശിഷ്യ ഹോളൻഡു, സ്പെയിൻ എന്നിവിടങ്ങളിലും ഇതു അനുഭവത്തിൽ കണ്ടിട്ടുള്ളതാകുന്നു. ഹോളൻഡിലെ ആദ്യത്തെ ധ്യാനമന്ദിരം പെൻലൊ എന്ന സ്ഥലത്തു ഫൻറ്റെൽ ഉണ്ടായി. അതിനെ തുടർന്നു മൂന്നു വർഷങ്ങൾക്കുള്ളിൽ ഹോളൻഡിൽ പത്തു ധ്യാനമന്ദിരങ്ങളോളം ഉണ്ടായി. ഇപ്പോൾ അവിടെ ആകെ ഏഴു മന്ദിരങ്ങളുണ്ട്. അവയിൽ എല്ലാം പ്രായേണ എന്നും ധ്യാനത്തിലായി ആളുകൾ താമസമുണ്ട്. അവിടെ ആണ്ടൊന്നുക്ക് ശരാശരി മൂവായിരം പുരുഷന്മാരും മൂവായിരം സ്ത്രീകളും ഏകാന്ത ധ്യാനം കഴിച്ചു പോകുന്നുണ്ട്. ഇന്നേവരെ നൂറു ലക്ഷത്തോളം ആളുകൾ ഹോളൻഡിൽ ആകെ ധ്യാനം കഴിച്ചവരുണ്ട്. അമ്മേരിക്കയിൽ സെൻറ് ലൂയീസ് എന്ന മഹാപട്ടണത്തിലും വളരെ നല്ലനിലയിൽ എത്തിയിട്ടുള്ള ഒരു ധ്യാനമന്ദിരമുണ്ട്. അവിടത്തെ സർവ്വകലാശാലയിലെ പണ്ഡിതന്മാരായ ജെസ്യൂട്ടു

സന്ന്യാസവൈദികരെയാണ് അതിന്റെ നടത്തിപ്പു ഏല്പിച്ചിരിക്കുന്നത്. അതോട് സംബന്ധിച്ച 'അന്തേവാസികളുടെ ധ്യാനസംഘം' എന്ന ഒരു സ്ഥാപനമുണ്ട്. അതിലെ അംഗങ്ങളായി ചേർന്നിട്ടുള്ള ഏതാണ്ട് പേർ കൊല്ലംതോറും ആ മന്ദിരത്തിൽ എത്തി മൂന്നു ദിവസത്തെ ധ്യാനം കഴിച്ചുവരുന്നു.

ഫൻഫറ ജൂലൈ ഫറാംനു- യിലത്തെ തിരുവെഴുത്തിൽ ഇപ്പോഴത്തെ പരിശുദ്ധ പിതാവു തിരുമനസ്സുകൊണ്ടു വിശുദ്ധ ഇഗ്നേഷ്യസ് ലയോളായെ ധ്യാനമാഗ്ദ്ധപ്രകാശകൻ ആക്കിയിട്ടുണ്ടല്ലൊ. "ഇപ്പോഴത്തെക്കാലത്തു ആളുകൾ തന്നെ പറഞ്ഞു തന്നെ ധ്യാനിക്കയും തന്നിൽ തന്നെ പ്രവേശിച്ചു നോക്കുകയും ചെയ്യുന്നതു വളരെ കുറവാണെന്നും, അതിനാലാണ് നാം ഇക്കാലത്തു കാണുന്ന ദോഷങ്ങളെല്ലാമുണ്ടാകുന്നതെന്നും, വിശുദ്ധ ഇഗ്നേഷ്യസിന്റെ ധ്യാനമുറകളെ പരിശീലിക്കുന്നതിനാൽ ഇക്കാലത്തെ സമുദായ ദുഷ്യങ്ങൾ പലതും ഇല്ലാതെയാകാനിടയുണ്ടെന്നും, അതു അനുഭവംകൊണ്ടു മനസ്സിലായിട്ടുള്ള സംഗതിയാണെന്നും, ഏകാന്തധ്യാനങ്ങൾ കൊണ്ടുണ്ടാകുന്ന നല്ലഫലങ്ങൾ വൈദികന്മാർക്കും ഭക്തന്മാർക്കുമല്ല സാധാരണ കൂലിവേലക്കാരായ ജനങ്ങൾക്കുപോലും അനുഭവമാണെന്നും, വിശ്വാസികളിൽ അധികം പേർക്കും ധ്യാനത്തിനുവേണ്ടുന്ന സൗകര്യങ്ങൾ ഉണ്ടാകേണ്ടതു ആവശ്യമാണെന്നും, ധ്യാനമന്ദിരങ്ങൾ ധാരാളം പണിയണമെന്നും, ആളുകൾ ഒരു മാസത്തേയ്ക്കോ എട്ടു ദിവസത്തേയ്ക്കോ അതിലും കുറഞ്ഞ കാലത്തേയ്ക്കോ അതുകളിൽ ധ്യാനപരിശീലിക്കേണമെന്നും" മറ്റും ആ തിരുവെഴുത്തിൽ പറയപ്പെട്ടിരിക്കുന്നു.

ബെൽജിയത്തിലെ ലൂവെയിൻസർവ്വകലാശാലയുടെ ശതാബ്ദപൂർത്തി ഈ ജൂൺമാസത്തിൽ ആഘോഷപൂർവ്വം നടക്കുന്നതാണ്. ആയവസരത്തിൽ മെക്ലൈൻസിലെ മെത്രാപ്പോലീത്ത 'ബോധജ്ഞാനത്തിന്റെ സിംഹാസനം' എന്ന സ്ഥാനപ്പേരിലുള്ള ദേവമാതാവിന്റെ പുരാതനവും പ്രസിദ്ധവുമായ സ്വരൂപത്തെ കിരീടം ധരിപ്പിക്കുവാൻ നിശ്ചയിച്ചിരിക്കുന്നു. അതിലേയ്ക്കു അതിവിശേഷമായ ശില്പവേലചെയ്തു രത്നങ്ങൾ പതിച്ചിട്ടുള്ള രണ്ടു കിരീടങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. ഒന്നു മാതാവിനും മറേറതു അവിടുത്തെകയ്യിലിരിക്കുന്ന ദിവ്യഉണ്ണിക്കുമാണ്. ലൂവെയിൻ സർവ്വകലാശാലാവകമുടയിന്മേൽ ഈ സ്വരൂപത്തിന്റെ ചുമരായ കൊത്തിവിട്ടുണ്ട്.

തിരുഹൃദയത്തോടു നമ്മുടെ ദുഃഖങ്ങളെല്ലാം ബോധിപ്പിക്കുക.

പ്രസിദ്ധകഥകൾ.

കഷ്ടപ്പാട്ട.

തേങ്ങാപ്പുറമ്പിൽ ഔസേപ്പുതോമാ ഒരു ധനവാനായിരുന്നു. എതാനും കൊല്ലങ്ങളായിട്ട് അയാൾക്കു അനേക നാശം നേരിട്ടു. വസ്തുക്കളെല്ലാം കടക്കാർ കൈവശപ്പെടുത്തി. പാക്കുന്ന പറമ്പും വീടുംകൂടി നഷ്ടപ്പെട്ടു. മക്കളെല്ലാം ഓരോരുത്തരായി മരിച്ചു. ചാച്ചിക്കാർ, അയൽക്കാർ മുതലായവരെല്ലാം ഓരോ കാരണവശാൽ അയാളോടു വിരോധമായി. നിത്യവൃത്തി കഴിക്കാൻപോലും മാർഗ്ഗമില്ലാതെ അയാൾ കഴുങ്ങുകയാണു്. ജീവിതം ഒരു ഭാരമായി തോന്നീട്ടു വല്ലവിധവും മരിച്ചുകളഞ്ഞെങ്കിലൊ എന്നുകൂടി അയാൾ വിചാരിക്കാറുണ്ടു്. ഇങ്ങിനെ അത്യന്തം നിരാശയിൽ പെട്ടിരിക്കെ, ഒരുദിവസം അയാൾ വികാരിഅച്ചന്റെ അടുക്കൽചെന്നു ഇപ്രകാരം പറഞ്ഞു: "അച്ചാ, ഞാൻ ഇനി എറിനാൾ ജീവിക്കുന്നു. എനിക്കു ആരും ഒരു സഹായമില്ല. എന്നെ സ്നേഹിക്കുന്നതുപോയിട്ടു് എന്നെ ഓർക്കുകപോലും ചെയ്യുന്നതായി ഒരു മനുഷ്യനുമില്ല. ഞാൻ വല്ലവിധത്തിലും എന്റെ ജീവിതം അവസാനിപ്പിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കയാണു്." ഇതുകേട്ടിട്ടു വികാരിഅച്ചനു അത്യന്തം അനുകമ്പതോന്നി. അദ്ദേഹം ദയാപൂർവ്വം അയാളുടെ കൈക്കുപിടിച്ചു ഒരു സ്ഥലത്തു ഇരുത്തിയിട്ടു ഇങ്ങനെ പറഞ്ഞു: "പ്രിയ തോമാച്ചേട്ടാ, തന്റെ മനസ്സു വല്ലാതെ കലങ്ങിയിരിക്കയാണു്. അതിൽ അതിശയിപ്പാനില്ല. തന്റെ സ്ഥിതിയിൽ എത്തിയിരിക്കുന്ന ഏതു മനുഷ്യനും അപ്രകാരം സംഭവിക്കാവുന്നതാണു്. എന്നാൽ ഞാൻ ചില സംഗതികൾ പറയാം. അതു ശ്രദ്ധിച്ചുകേൾക്കുക. തന്നെ ഓർക്കുകയും സ്നേഹിക്കുകയും ചെയ്യുന്നതായി ഒരു മനുഷ്യനുമില്ലെന്നല്ലെ പറഞ്ഞതു്. അതു വാസ്തവമല്ല. തന്നെ ഏറ്റവും സ്നേഹിക്കുന്ന ഒരാളെ ഞാനറിയും." ഇതുകേട്ടപ്പോൾ അയാൾക്കു ആശ്ചര്യമായി. അയാൾ അച്ചന്റെ മുഖത്തു ദൃഷ്ടിനോക്കിക്കൊണ്ടു ചോദിച്ചു: "എന്നെ സ്നേഹിക്കുന്ന ഒരാളുണ്ടെന്നൊ? ഒരിക്കലുമില്ല, അതു് എനിക്കു വിശ്വസിക്കാൻ വയ്യാ." അച്ചൻ പറഞ്ഞു: "ധൃതിപ്പെടല്ലെ, സഹോദരാ, മുഴുവൻ കേൾക്കുക. അപ്പോൾ തനിക്കു വിശ്വാസമാകും. 'ഭാരപ്പെടുകയും കഷ്ടപ്പെടുകയും ചെയ്യുന്ന എല്ലാവരും എന്റെ പക്കൽ വരിക, ഞാൻ അവർക്കു ആശ്വാസം നൽകും' എന്നു ഒരാൾ അരുളിച്ചെയ്തിട്ടുണ്ടു്. അദ്ദേഹം

എല്ലാവരെയും ക്ഷണിക്കുന്നു. 'എല്ലാവരെയും' എന്നു പറയുന്നതി നാൽ ഒരു മനുഷ്യനെയും ഒഴിവാക്കുന്നില്ല. അതിനാൽ തന്നെയും ക്ഷണിക്കുന്നു. തന്നെ ഓർക്കുകയും സ്നേഹിക്കുകയും ചെയ്യുന്നു. വരിക, എന്റെകൂടെ വരിക. ഞാൻ തന്നെ ആ ആളുടെപക്കൽ കൂട്ടിക്കൊണ്ടു പോകാം» എന്നുപറഞ്ഞു അച്ചൻ അയാളെ കൈക്കുപിടിച്ചു പള്ളി യകത്തേക്കു കൊണ്ടുപോയി. നമ്മുടെ കർത്താവിന്റെ തിരുഹൃദയത്തി ന്റെ ഒരു വലിയ സചിത്രരൂപം ആ പള്ളിയിലുണ്ടായിരുന്നു. . ജൂൺമാസ മാകകൊണ്ടു്, വിശേഷമായ ഒരു പീഠത്തിൽ ആരുടെയും ദൃഷ്ടിയിൽ പ്പെടത്തക്കവിധം ആ സചിത്രരൂപത്തെ അവിടെ അലങ്കരിച്ചുവച്ചിരുന്നു. അച്ചൻ അയാളെ ആ സചിത്രരൂപത്തിന്റെ മുമ്പിൽ കൊണ്ടുചെന്നുനിത്തി ക്കൊണ്ടു, «തന്നെ എറ്റവും സ്നേഹിക്കുന്നുണ്ടെന്നു ഞാൻ പറഞ്ഞ ആൾ ഇതാണു്. നമുക്കു ഇവിടെ സല്പുനേരം മുട്ടുകുത്താം» എന്നു പറഞ്ഞു. രണ്ടുപേരും മുട്ടുകുത്തി. അച്ചൻ ആ സാധുവിനുവേണ്ടി കുറേ നേരം പ്രാർത്ഥിച്ചു. 'ഞാൻ ഭാരപ്പെട്ടവനും കഷ്ടപ്പെട്ടവനുമാണു്. എനിക്കു ആശ്വാസം നൽകേണമെ,' എന്നു അയാളും താനറിയാതെ തന്നെ പ്രാർത്ഥിച്ചു. തൽക്ഷണം അയാളുടെ ഹൃദയം ഇളകിമറിഞ്ഞു. കണ്ണിൽനിന്നു വെള്ളം ധാരമുറിയാതെ ഒഴുകുവാൻതുടങ്ങി. അല്പം കഴിഞ്ഞപ്പോൾ അച്ചൻ അയാളെ വിളിച്ചു തിരികെ മുറിയിലേയ്ക്കു കൊണ്ടുപോകയും ചെയ്തു.

ആശ്വാസം.

മുറിയിൽചെന്നശേഷം അച്ചൻ അയാളെ വീണ്ടും ഒരു സ്ഥലത്തു ഇരുത്തിക്കൊണ്ടു ചോദിച്ചു: «ദൈവം വെളിപ്പെടുത്തിയിട്ടുള്ളതും കത്തോ ലിക്കസഭ പഠിപ്പിക്കുന്നതുമായ സകല സംഗതികളും താൻ വിശ്വ സിക്കുന്നില്ലേ?» അയാൾ: «ഉവ്വ്, അച്ചാ, അതെല്ലാം ഞാൻ പൂർണ്ണമാ യി വിശ്വസിക്കുന്നു». അച്ചൻ: «കൊള്ളാം. അതിൽ ചിലതെല്ലാം നമുക്കു ഓർക്കുതന്നെ. ഒരുശോ, ദൈവം മനുഷ്യനായ ആളാണല്ലോ. അവിടുന്നു സാക്ഷാൽ ദൈവവും സാക്ഷാൽ മനുഷ്യനുമാണു. അവി ടുന്നു മനുഷ്യനായതും, അനേക പീഡകളനുഭവിച്ചതും, കുരിശിൽ തൂങ്ങി മരിച്ചതും, എല്ലാ മനുഷ്യരെയും രക്ഷിപ്പാൻവേണ്ടിയാണു്. ഒരുശോ എല്ലാമനുഷ്യരെയും സ്നേഹിക്കുന്നു. «അവിടുന്നു എന്നെ സ്നേഹിക്കയും എനിക്കുവേണ്ടി തന്നെത്തന്നെ (ശത്രുക്കൾക്കു) ഏല്പിച്ചുകൊടുക്കുകയും

തിരുഹൃദയത്തോടു നമ്മുടെ പാപങ്ങളെ ഏറ്റു പറയുക.

ചെയ്യു». എന്നു പൌലോഗ്ലീഹാ പറയുന്നു. ഗ്ലീഹാ പറയുന്നതുപോലെ നമുക്കു ഓരോരുത്തക്കും പറയാം. ഒരംശോ തന്നെയും എന്നെയും സ്നേഹിക്കുന്നു. തനിക്കും എനിക്കുംവേണ്ടി ഒരംശോ മരിച്ചു. ഒരംശോയെപ്പോലെ മാറാരും നമ്മളെ സ്നേഹിക്കുന്നില്ല. ഒരംശോ ചെയ്തിട്ടുള്ളപോലെ മറാരും നമുക്കുവേണ്ടി ചെയ്യുന്നതുമല്ല. അപ്പനമ്മമാരല്ലെ നമ്മളെ ഏറ്റവും അധികം സ്നേഹിക്കുന്നതു? അവരല്ലെ നമുക്കുവേണ്ടി ഏറ്റവും അധികം ബുദ്ധിമുട്ടുകൾ സഹിക്കുന്നതു? എന്നാൽ അപ്പനമ്മമാരേക്കാളധികം ഒരംശോ നമ്മളെ സ്നേഹിക്കുന്നുണ്ടു. അപ്പനമ്മമാർ തങ്ങളുടെ മക്കളെ നല്ലവരായി വളർത്താൻ ശ്രമിക്കും. അവക്കു ഗുണകരമായിട്ടുള്ളതു കൊടുക്കും. ദോഷകരമായതു കൊടുക്കുകയില്ല. മക്കളെ ചിലപ്പോൾ ബുദ്ധിമുട്ടിക്കുന്നതും വേണ്ടപ്പെട്ടതുന്നതും അവരുടെ സ്വഭാവം നന്നാക്കാൻ ആവശ്യമാണെന്നുകണ്ടാൽ അപ്പനമ്മമാർ അങ്ങിനെയും ചെയ്യും. അതുകൊണ്ടു അവരുടെ സ്നേഹത്തിനു കുറവുവരുന്നില്ല. ഒരംശോയും ഇതുപോലെതന്നെയാണു നമ്മളോടു പെരുമാറുന്നതു. ഇഹത്തിൽ ഐശ്വര്യം നമുക്കു ഗുണകരമല്ല എന്നുകണ്ടാൽ അവിടുന്നു നമുക്കതു തരികയില്ല. പലവിധ കഷ്ടതകൾ നമ്മുടെ ആത്മാവിന്റെ കൂടുതൽ ഗുണത്തിനു ആവശ്യമാണെന്നു കാണുമ്പോൾ അവിടുന്നു അതായിരിക്കും നമുക്കു തരുന്നതു. അങ്ങിനെ ചെയ്യുന്നതുകൊണ്ടു ഒരംശോയുടെ സ്നേഹത്തിനു കുറവുവരുന്നില്ല. തനിക്കു വളരെ കഷ്ടതകൾ നേരിട്ടിട്ടുണ്ടെന്നുള്ളതു ശരിതന്നെ. ഇതൊന്നും ഒരംശോ അറിയാതെ വന്നിട്ടുള്ളതല്ല. ഇതെല്ലാം തന്റെ ആത്മാവിനു കൂടുതൽ ഗുണകരമാണെന്നു കണ്ടു അവിടുന്നു അനുവദിച്ചിട്ടുള്ളതാണു. അതിനാൽ താൻ നിരാശപ്പെടരുതു. കഷ്ടപ്പെടുന്നവരെ ഒരംശോ ക്ഷണിക്കുന്നുണ്ടല്ലൊ. അവക്കു ആശ്വാസം നൽകാമെന്നു ഒരംശോ വാക്കുപറഞ്ഞിട്ടുണ്ടല്ലൊ. കഷ്ടതയെല്ലാം നീക്കിക്കളയുമെന്നല്ല, കഷ്ടതകൾ സന്തോഷപൂർവ്വം സഹിച്ചു സമാധാനത്തോടുകൂടി ജീവിക്കാൻ വേണ്ട ശക്തിതരുമെന്നാണു ആ വാഗ്ദത്തത്തിന്റെ അർത്ഥം. താൻ ഒരംശോയുടെ അടുക്കൽ ചെല്ലുക. അവിടുത്തെ തിരുഹൃദയത്തിന്റെ സവരൂപത്തിൻ മുമ്പിൽ മുട്ടുകുത്തി താൻ അല്പനേരം പ്രാർത്ഥിച്ചപ്പോൾ തന്റെ മനസ്സിനു ഏതാണ്ടു ആശ്വാസം ഇപ്പോൾതന്നെ ലഭിച്ചില്ലെ. ഇനിയും ഒരംശോയുടെ അടുക്കൽ ചെല്ലുക. തന്റെ കഷ്ടതകളെയെല്ലാം അറിയിക്കുക. അപ്പോൾ അവിടുന്നു തനിക്കു കൂടുതൽ ആശ്വാസം നൽകും.»

എന്നാൽ തിരുഹൃദയം അതെല്ലാം പൂർണ്ണമായി ക്ഷമിക്കും.

അച്ചന്റെ ഈ ഉപദേശം അയാൾ ശ്രദ്ധാപൂർവ്വം കേട്ടു. അപ്പനേ രും അതിനെക്കുറിച്ചു ചിന്തിച്ചിരുന്നു. അപ്പോൾ, ഒരംശോ തന്റെ ജീ വിതകാലത്തു അനേകമാളുകൾക്കു ആശ്വാസം നൽകിയിട്ടുള്ള സംഭവ ങ്ങൾ ഓരോന്നായി അയാളുടെ ഓർമ്മയിൽവന്നു. കുരുടന്മാർ, മുടന്ത ന്മാർ, ഉന്മത്തന്മാർ, കുഷ്ഠരോഗികൾ മുതലായവരെ സുഖപ്പെടുത്തിയതും, മരിച്ചവരെ ഉയർപ്പിച്ചതും, മറ്റും ഓർത്തപ്പോൾ അച്ചൻ പറഞ്ഞ വാക്കു കളുടെ യാഥാർത്ഥ്യം ഗ്രഹിച്ചു അയാൾക്കു ഹൃദയത്തിൽ വലിയ ആശ്വാ സവും ധൈര്യവുമുണ്ടായി. ഉടനെ അയാൾ ഇങ്ങിനെ ചോദിച്ചു. "അച്ചാ, ഒരംശോയുടെ അടുക്കൽ ഞാൻ എങ്ങിനെയാണു ചെല്ലേ ണ്ടതു്. ഞാൻ എന്താണ് ചെയ്യേണ്ടതു്?".

ഒരു ക്രിസ്തീയ മാതാവു് ആരാണ്? ദൈവം തന്റെ ശുശ്രൂ ഷകന്മാരുടെ എണ്ണം വർദ്ധിപ്പിക്കാൻ ഒരു ഉപകരണമായി തിരി ഞ്ഞെടുത്തിട്ടുള്ള ആളാണ്. സ്ത്രീകൾ പുരുഷന്മാരെക്കാൾ സ്വതേ മതനിഷ്ഠയുള്ളവരായിരിക്കുന്നതും അവർ മക്കളെ ആർദ്രമായി സ്നേ ഹിക്കുന്നതും ദൈവത്തിന്നു മനുഷ്യരുടെനേരെയുള്ള പ്രത്യേക കരുണയുടെ ഒരു ഫലമാണ്. മക്കളുടെ ശൈശവ വിദ്യാഭ്യാസം അമ്മമാരുടെ കരങ്ങളിലാണല്ലൊ ഇരിക്കുന്നതു്. അതു്, കുട്ടിക ളെ ശിശുപ്രായംമുതല്ക്കു മതനിഷ്ഠയുള്ളവരായി വളർത്താൻ ദൈവം ഏർപ്പെടുത്തിയിട്ടുള്ള ഒരു മാർഗ്ഗമാണ്. ഉത്തമകളായ ക്രിസ്തീയ മാതാക്കൾ തങ്ങളുടെ ശിശുക്കളുടെ മനസ്സിനെ ദൈവത്തിങ്കലേയ്ക്കു തിരിക്കുവാൻ പരിശീലിപ്പിക്കും.

തിരുഹൃദയം.

ആ ചോദ്യത്തിനു അച്ചൻ ഇങ്ങിനെ മറുപടിപറഞ്ഞു: "മനു ഷ്യന്റെ ഹൃദയം അവന്റെ സ്നേഹത്തിന്റെ ഇരിപ്പിടവും ലക്ഷ്യവുമാ യിട്ടാണല്ലൊ സാധാരണ കരുതിവരുന്നതു്. അതിനാൽ ഒരംശോയുടെ ഹൃദയം അവിടുത്തെ സ്നേഹത്തിന്റെ അടയാളമാണ്. ആ ഹൃദയം കാണുമ്പോൾ അവിടുത്തെ സ്നേഹത്തെ നമ്മൾ ഓർക്കണം. ആ ഹൃദയ ത്തെ ആരാധിക്കുന്നതു് അവിടുത്തെ സ്നേഹത്തെ ആരാധിക്കുകയാണ്. എ-ാം നൂറാണ്ടിൽ പ്രാൻസുരാജ്യത്തിൽ മറിയം മഗ്ദലീത്താ എന്ന ഒരു

തിരുഹൃദയത്തോടു നമ്മൾക്കു ആവശ്യമുള്ളതെല്ലാം ചോദിക്കുക.

കന്യാസ്ത്രീക്ക് ഹൃദയശുദ്ധിയുടെ തന്റെ തിരുഹൃദയത്തെ കാണിച്ചുകൊടുത്തു, മനുഷ്യരുടെനേരെ തനിക്കുള്ള അളവറ്റ സ്നേഹത്തെ ഓർക്കുന്നതിനും ആരാധിക്കുന്നതിനുംവേണ്ടി, ആ ഹൃദയത്തെ ആരാധിക്കണമെന്നു ആവശ്യപ്പെടുകയുണ്ടായി. തിരുസഭ ആ സംഭവത്തെക്കുറിച്ചു വേണ്ട അന്വേഷണങ്ങൾ നടത്തി അതു സാക്ഷാലുണ്ടായതാണെന്നറിഞ്ഞു. അന്നുമുതൽ തിരുഹൃദയത്തിന്റെ നേരെയുള്ള ഭക്തി തിരുസഭയിൽ പ്രചരിപ്പാൻതുടങ്ങി. ആ ഭക്തി ആചരിക്കുന്നവർക്കു ഹൃദയശുദ്ധി അനേകം അനുഗ്രഹങ്ങൾ വാഗ്ദാനം ചെയ്തിട്ടുണ്ട്. അവ നിറവേറുന്നതായി അനേകായിരം സംഭവങ്ങൾ തെളിഞ്ഞിക്കുന്നുമുണ്ട്. അതിനാൽ താൻ ഹൃദയശുദ്ധിയുടെ തിരുഹൃദയത്തിന്റെനേരെ പ്രത്യേകം ഭക്തിയുള്ളവനാകുക. ഇതു ജൂൺമാസമാണല്ലൊ. ഈ മാസം തിരുഹൃദയഭക്തിക്കായി തിരുസഭ പ്രത്യേകം നിശ്ചയിച്ചിട്ടുള്ളതാണ്. മറെറന്നാൾ ഈ മാസത്തിന്റെ ആദ്യവെള്ളിയാഴ്ചയാണ്. അന്നുതന്നെ ഈ ഭക്തി ആചരിക്കാൻ തുടങ്ങണം. ഞാൻ വൃഷണതരാം. അതു അങ്ങാടിയിൽ ശ്രുഷക്കച്ചവടക്കാരന്റെപക്കൽ കൊടുത്തു തിരുഹൃദയത്തിന്റെ ഒരു പഞ്ചിരൂപം വാങ്ങണം. ഈ മാസാദ്യവെള്ളിയാഴ്ച താനും കുടുംബത്തിലുള്ള മറെറല്ലാവരും കുമ്പസാരിച്ചു കുർബാന കൈക്കൊള്ളണം. അന്നു ഉച്ചതിരിഞ്ഞു 3-മണിമുതലാകുമ്പോൾ ഞാൻ വീട്ടിൽവരാം. അപ്പോൾ കുടുംബാംഗങ്ങളെല്ലാം അവിടെയുണ്ടായിരിക്കണം. ഞാൻ വന്നു ക്രമപ്രകാരം തിരുഹൃദയരൂപം വീട്ടിൽ പ്രതിഷ്ഠിക്കാം". ഇങ്ങനെ പറഞ്ഞു അച്ചൻ അമ്മാളെ സമാധാനപ്പെടുത്തി പിരിഞ്ഞു. അച്ചന്റെ ഉപദേശമനുസരിച്ചു അയാൾ എല്ലാം ചെയ്തു. വെള്ളിയാഴ്ച വൈകുന്നേരം അച്ചൻ വന്നു ക്രമപ്രകാരം കുടുംബപ്രതിഷ്ഠകഴിച്ചു. തിരുഹൃദയത്തെ കുടുംബത്തിലെ തലവനായി സ്വീകരിക്കണമെന്നും, അവിടുത്തേയ്ക്കു ഇഷ്ടമാകാത്ത യാതൊന്നും കുടുംബത്തിൽ നടക്കരുതെന്നും, കുടുംബാംഗങ്ങളെല്ലാം ആ സ്വരൂപത്തിന്റെമുമ്പിൽ മുട്ടുകുത്തി ദിനംപ്രതിയുള്ള പ്രാർത്ഥന കഴിക്കണമെന്നും, മാസാദ്യവെള്ളിയാഴ്ചകളിൽ നിവൃത്തിയുള്ളേടത്തോളം എല്ലാവരും കുമ്പസാരിച്ചു കുർബാന കൈക്കൊള്ളണമെന്നും മറും ഒരു ചെറിയ ഉപദേശവുംനൽകി. അന്നുമുതൽ ആ വീട്ടുകാരുടെ മനഃസ്ഥിതി വളരെ ഭേദപ്പെട്ടു. നിർധനനെങ്കിലും അത്യാവശ്യം മനസ്സമാധാനത്തോടുകൂടി അയാൾ ജീവിതം കഴിച്ചുപോന്നു. ക്രമേണ അയാളുടെ നിത്യവൃത്തിക്കും മാർഗ്ഗങ്ങൾ ഉണ്ടായിവന്നു.

എന്നാൽ തിരുഹൃദയം നമ്മൾക്കു വേണ്ടതെല്ലാം തരും.

തിരുഹൃദയസ്തോത്രം.


('ഇഷ്ടപ്രസാദനയെ' എന്ന മട്ട്.)

ഫ. ഒരംശോടെ ദിവ്യതിരു-ഹൃദയമെ!
സ്നേഹത്തിന്നാലയമെ!—അടിയന്റെ
മോശമാം ഹൃദയത്തെ-അങ്ങേയ്ക്കു സ-
ദൃശമാക്കീടേണമെ.

൨. സൃഷ്ടിയിലുന്നതമാം-സകലത്തിൻ
സൃഷ്ടാവു നീയല്ലയെ—അങ്ങെ തിരു
യിഷ്ടത്താലെ ഭൂമിയിൽ-മനുഷ്യനായ്
കഷ്ടത സഹിച്ചല്ലൊ. (ഒരംശോടെ)

൩. ദേഹമാത്മം മുഴുവൻ-ഞങ്ങൾക്കായ് നീ
സ്നേഹത്താൽ തന്നുവല്ലൊ—അങ്ങേ ദിവ്യ
സ്നേഹത്തിന്നഗാധത്തെ-മനുഷ്യരാൽ
ഊഹിപ്പാൻ സാധ്യമല്ല. (ഒരംശോടെ)

൪. കർത്താവെ നീ കാണിച്ച-ഈ സ്നേഹത്തെ
ഓർത്തു ഞാനെന്നേരവും—ജീവിച്ചിട്ട്
പാർത്തലവാസശേഷം-നിർത്തുപ്പാദേ
പാർത്തീടാൻ കൃപാനൽക. (ഒരംശോടെ)



മാപ്പാപ്പാ തിരുമനസ്സുകൊണ്ടു് തന്റെ കുഞ്ഞാടുകളുടെ സ്നേഹത്തിന്റെ സ്മാരകമായിട്ടു് ഈ വർഷം ഡിസംബർ മാസം ആഘോഷിക്കുന്നതാണു്.

* * *

ജർമ്മനിയിലെ സ്ത്രീകളുടെയിടയിൽ അടക്കമൊതുക്കമുള്ള വസ്ത്രധാരണരീതി നടപ്പാക്കാൻ പരിശ്രമിക്കുന്ന ഒരു കത്തോലിക്കാ സ്ത്രീസമാജമുണ്ടു്. അവരെ അനുഗ്രഹിച്ച പരിശുദ്ധപിതാവു തിരുമനസ്സുകൊണ്ടു് ഒരു പ്രത്യേക സന്ദേശം അയച്ചിരിക്കുന്നു.

തിരുഹൃദയത്തെക്കുറിച്ചു നന്മകൾ കൂടക്കൂടെ ധ്യാനിക്കുക.

മത്സരകഥ.

ആത്മമിത്രം.

or

രണ്ടു സ്നേഹിതന്മാർ.

(ശ്രീമാൻ പി. ഉലഹന്നൻ മാപ്പിള)

V. (339-ാംപക്ഷം തുടർച്ച.)

അപ്രതീക്ഷിതമാംവണ്ണം അസ്ഥാനത്തിലായ അച്ചാരക്കല്യാണവും കഴിഞ്ഞു് ഞാൻ ഒരു ചെറിയ സഞ്ചാരത്തിനൊരുങ്ങി. പിതാവിന്റെ മരണം, പരീക്ഷയുടെ ആക്രമണം, മുതലായവയാൽ കുറെ ക്ഷീണവും എനിയ്ക്കുണ്ടായിരുന്നു. അമ്മയുടേയും വല്ലത്തമ്മയുടേയും ഭവനങ്ങളിൽനിന്നും എഴുത്തുകളും ആളുകളും ധാരാളം വന്നുകൊണ്ടിരുന്നതിനാൽ ആ വീടുകളിൽപോയി കുറെദിവസങ്ങളെങ്കിലും കഴിച്ചുകൂട്ടുന്നതു് അവയ്ക്കും എനിയ്ക്കും ഒരുപോലെ സന്തോഷകരമായിരുന്നു. കൂടാതെയും ഗൃഹസംബന്ധമായ സകലകലാപങ്ങളും ഇപ്പോൾ തീർന്നിരുന്നു. വിസ്മയജനകമായ മാനസാന്തരശേഷം വല്യപ്പൻ തന്റെ സകല കള്ളയാധാരങ്ങളും എന്റെയടക്കൽ കൊണ്ടുവന്നു നശിപ്പിച്ചു. ഭാഗ്യടമ്പടി എന്റെ ഇഷ്ടാനുസരണം ചെയ്യാൻ അദ്ദേഹം വളരെ ഉൽസുകനായി. വീട്ടിൽ വന്നു് അദ്ദേഹം ഞങ്ങളുടെയെല്ലാം മേലനപഷണവും തുടങ്ങിയിരുന്നു. ഇക്കാരണങ്ങളാൽ ഞാനും, അമ്മയും, സ്കൂൾഫൈനൽ പാസായ കുഞ്ഞാമ്മയോടൊരുമിച്ചു് രണ്ടുമൂന്നാഴ്ചയോളം മുൻപറഞ്ഞ വീടുകളിൽപോയി താമസിച്ചശേഷം തിരിച്ചുപോന്നു. കുഞ്ഞാമ്മയുടെ വിവാഹത്തെപ്പറ്റിയും അവരെന്നോടു സംസാരിയ്ക്കാതിരുന്നില്ല. ഇക്കാര്യം മിക്കവാറും തീർച്ചപ്പെടുത്തിത്തന്നെയാണിരുന്നതു്. അവൾക്കും, എനിയ്ക്കും, മരിച്ചുപോയ എന്റെ പിതാവിനും ഒരുപോലെ ഇഷ്ടപ്പെട്ട ഒരു വരന്റെ സമ്മതത്തിനു ഞാൻ കാത്തിരുന്നിട്ടു്, രണ്ടാഴ്ചകഴിയുന്നതുവരെ അതേപ്പറ്റി ഒന്നും അറിയാതെതന്നെ കഴിച്ചുകൂട്ടി.

സഞ്ചാരാനന്തരം തിരിച്ചെത്തിയപ്പോൾ വീട്ടിൽ വന്നിരുന്ന ഒരെഴുത്തു ഞാൻ പൊട്ടിച്ചു. കാത്തിരുന്ന കത്തുതന്നെയായിരുന്നു. തൃശ്ശൂപ്പള്ളിയിൽനിന്നായിരുന്ന അതിന്റെ പുറപ്പാടു്.

അപ്പോൾ തിരുഹൃദയത്തെ നമ്മൾ അറികയും സ്നേഹിക്കയും ചെയ്യും.

മാന്യമിത്രമേ,

അയച്ച ദീർഘലേഖനം കൈപ്പറ്റി. സുദീർഘമല്ലെങ്കിലും, ദീർഘമായ ആലോചനയ്ക്കുശേഷം മറുപടിപറയേണ്ട ഒരു കാര്യം താങ്കളെ ന്നോടാവശ്യപ്പെട്ടിരുന്നതുനിമിത്തമത്രേ ഈ എഴുത്തയയ്ക്കുന്നതിനിത്ര മാത്രം കാലദൈർഘ്യം വേണ്ടിവന്നത്.

മനുഷ്യന്റെ അഭിലാഷങ്ങൾ എപ്പോഴും അതിരുള്ളവയായിരിക്കുണം. അതിരുകടന്ന ആഗ്രഹങ്ങളൊന്നും സാധിതങ്ങളാകുന്നില്ല. ബാലന്മാരുടെ സഖികൾ ബാലന്മാരും, യുവാക്കന്മാരുടെ മിത്രങ്ങൾ യുവാക്കന്മാരുമത്രേ. രാജവംശജർ തങ്ങളുടെ സമന്മാരുമായി മൈത്രി സമ്പാദിക്കുന്നു. യാതൊരു മനുഷ്യനും തന്നോടു തുല്യതയില്ലാത്തവനുമായി ഇടപെടുന്നില്ല. ലോകഗതി ഇപ്രകാരം ബന്ധുജനതുല്യതയെ പ്രത്യുപനംചെയ്യുന്നു, ഈ സാമാന്യതത്വത്തെ അശേഷം അവഗണിച്ചുള്ള എന്റെ മാന്യസ്നേഹിതൻ ഈ എഴുത്തയച്ചതെന്നു ഞാൻ സംശയിക്കുന്നു. രാജകുമാരിയെ ഒരിടയച്ചെറുക്കനു കല്യാണം കഴിച്ചുകൊടുത്തെന്നു പറഞ്ഞാൽ ലോകർ എന്തു പറയും? ഇപ്രകാരംതന്നെ ദരിദ്രനും അല്പനുമായ ഏന്നെ നിങ്ങളുടെ സഹോദരിയുടെ ഭർത്താവായിട്ടയ ത്താൻ തുടങ്ങുന്ന താങ്കളുടെ യത്നം സാഹസമാണെന്നു ഞാൻ നിസ്സംശയംപറഞ്ഞുകൊള്ളട്ടെ «ചില കാര്യങ്ങളെല്ലാമിവനോടു പറഞ്ഞിട്ടുണ്ടെ»ന്നുള്ള നിങ്ങളുടെ പിതാവിന്റെ ശാസനകൾ ഈ വിവാഹത്തെ സൂചിപ്പിച്ചുവെന്നിപ്പോഴെങ്കിലും എന്നെ മനസ്സിലാക്കുവാൻ ദയവുണ്ടായതിനു ഞാൻ വളരെ കൃതജ്ഞനായിരിക്കുന്നു. മുഖസ്തുതികൊണ്ടും മറ്റും നിങ്ങളുടെ ലേഖനം നിറഞ്ഞിരുന്നു.

എനിക്കുലോചിക്കുവാനുണ്ടായിരുന്നവരുടെയെല്ലാം അഭിപ്രായം ഇക്കാര്യത്തിൽ ഞാനറിഞ്ഞു. ദൈവഹിതം മറുപ്രകാരത്തിലല്ലെങ്കിൽ നിങ്ങളുടെ ആഗ്രഹംപോലെ നടക്കട്ടെ».

എന്നു് സ്വന്തം സഖാക്കൾ (ഒപ്പു്.)

എന്റെ പ്രാണമിത്രം തുശ്നാപ്പള്ളിയിൽ ഓണേഴ്സു ക്ലാസിൽ പഠിച്ചുകൊണ്ടിരിക്കുകയായിരുന്നു. അയാളുടെ ഗുണഗണങ്ങളെപ്പറ്റി തന്റെ പുത്രൻവഴി കേട്ടിരുന്ന അപ്പന്നു് സഖാക്കളോടു വളരെ സ്നേഹം ജനിച്ചു. സോദരിക്കും, സഹോദരസഹപാഠിയിൽ, ആദരസ്നേഹങ്ങളുണ്ടായിട്ടുണ്ടെന്നും, അതു് അനുരാഗമായി പരിണമിച്ചിട്ടുണ്ടെന്നും എനിക്കു

തിരുഹൃദയത്തിന്റെ ഉത്തമഭക്തനായ നമ്മൾ കണ്ടു പഠിക്കുക.

പലപ്പോഴും മനസ്സിലായിട്ടുണ്ട്. മാണിയ്ക്കൻ കൂപ്പയിൽ കിടന്നാലും മാണിയ്ക്കൻതന്നെ. കുഞ്ഞാമ്മയുടെ വിവാഹകാര്യം അയാളോടു നേരിട്ടു പറയുവാൻ ഞാനൊരിയ്ക്കലും തുനിഞ്ഞില്ല. എങ്കിലും അയാൾക്ക് എന്റെ സഹോദരിയോടു നിഷ്കളങ്കമായ വാത്സല്യവും സ്നേഹവുമുണ്ടായിരുന്നുവെന്നുള്ളതു് ഞാൻ പലപ്പോഴും മനസ്സിലാക്കിയിട്ടുണ്ട്. അതു നിരാശമായി, രൂപാന്തരപ്പെട്ടിരുന്നോ എന്നുള്ള കാര്യം അന്നുമിന്നും എനിയ്ക്കജ്ഞാതമാണ്. മൂപടി കിട്ടിയ ഉടനെ, ഞാൻ അതു് അമ്മയേയും കുഞ്ഞാമ്മയേയും കാണിച്ചു. അവരിരുവർക്കും അതു് ആഹ്ലാദകരമായിരുന്നു. പിതാവു് എന്നെ ഏല്പിച്ചിരുന്ന ജോലികളിൽ പ്രധാനമായതായിരുന്നു തന്റെ ഏകപുത്രിയെ യോഗ്യനായ ഒരു വരനു വിവാഹം ചെയ്തുകൊടുക്കുകയെന്നുള്ളതു്. സമ്പാദ്യത്തേക്കാൾ ഉത്തമനായ ഒരു ഭർത്താവിനെ എന്റെ സഹോദരിയ്ക്കു കൊടുക്കുവാൻ സാധിയ്ക്കുകയില്ലെന്നു തോന്നീട്ടുള്ളതിനാൽ ഇതു സാധിയ്ക്കുന്നപക്ഷം എനിയ്ക്കു് അത്യന്താ കൃതാർത്ഥതയ്ക്കവകാശമുണ്ടായിരുന്നു.

ഈ എഴുത്തു വായിച്ചു സന്തോഷിച്ചിരുന്ന സമയം പെട്ടെന്നു് വല്യപ്പൻ അടിടെ വരികയും, കുട്ടപ്പൻ മരിക്കാറായി കിടക്കുന്നതിനാൽ, താൻ ഉടനെ തിരുവനന്തപുരത്തിനു പോകുന്നുവെന്നറിയിയ്ക്കുകയും ചെയ്കയാൽ, ഞാനും അദ്ദേഹത്തെ അനുഗമിച്ചു.

പോലീസുകാരുടെ മർദ്ദനങ്ങൾ കുട്ടപ്പന്റെ ജീവിതത്തെ വളരെ ക്ലേശമാക്കുകതന്നെ ചെയ്തു. ക്ഷയരോഗബാധയ്ക്കും അതിന്റെ വർദ്ധനവിനും വലിയ താമസമൊന്നും വേണ്ടിവന്നില്ല. ഞങ്ങൾ തലസ്ഥാനനഗരിയിലെത്തിയപ്പോഴേയ്ക്കു് അയാളുടെ അന്ത്യനിമിഷങ്ങൾ അടുത്തിരുന്നു. കൂത്താട്ടുകുളത്തുവച്ചുകണ്ട ശ്രീരഭാവമെവിടെ, അന്നേരത്തെ അയാളുടെ ദയനീയസ്ഥിതിയെവിടെ? അടുത്തുചെല്ലുന്നതിനു ഞാനൊട്ടും ധൈര്യപ്പെട്ടില്ല. കുട്ടപ്പന്റെ രക്തത്തിൽ ഉള്ള ബന്ധുകൊണ്ടോ എന്തോ അയാളുടെ ശോചനീയാവസ്ഥ കണ്ടമാത്രയിൽ എനിയ്ക്കു വ്യസനം വർദ്ധിച്ചു. പാപിയുടെ മാനസാന്തരത്തിൽ ഒരു യഥാർത്ഥ പ്രേഷകനുള്ള പ്രമോദം അന്ത്യകൂദാശകൾകൊടുത്ത പട്ടക്കാരന്റെ മുഖഭാവങ്ങളിൽ പ്രത്യക്ഷപ്പെട്ടിരുന്നു. പിതാവിനോടു് ഒരു വാക്കുപോലും പറയുന്നതിനയാൾക്കു കഴിഞ്ഞില്ല. സംസാരിയ്ക്കുവാനുള്ള ശക്തി അയാളോടു നിത്യയാത്ര ചൊല്ലിയതായിരുന്നു ഇതിന്റെ കാരണം. ജന്മശത്രുവായി കരുതിയിരുന്ന എന്നെ സൂക്ഷിച്ചു നോക്കിക്കൊണ്ടു് കുട്ടപ്പൻ എന്നോടു

പൊരുതിയപേക്ഷിച്ചതുപോലെ തോന്നി — അതെ അതു ക്ഷമായാചനം തന്നെയായിരുന്നെന്നാണ് എന്റെ പൂർണ്ണവിശ്വാസം. മാവ്വിടത്തിൽ കൈകൾ മലത്തിക്കൊണ്ടും എന്റെനേരെയിരുന്ന ദൃഷ്ടി ആകാശത്തിലേയ്ക്കുയർത്തിക്കൊണ്ടുമത്രേ ആ ഇല്ലയപ്പൻ തന്റെ സഹോദരപുത്രനോട് മാപ്പപേക്ഷിച്ചതു്. ഹാ! അന്ത്യസമയമേ! നീ മനുഷ്യനിൽ എന്തെല്ലാം ചിത്തവൃത്തികളുണ്ടാക്കുന്നില്ല? എന്റെ ഭയമെല്ലാം ദൂരത്തുപോയി. അനുസ്യൂതമായി പ്രവഹിച്ച കണ്ണുനീരോടുകൂടി ആ രോഗശയ്യയിലേയ്ക്കിട്ടുതുകൊണ്ടു് എന്റെ കുട്ടപ്പന്റെ കൈകളെ—എന്റെ പിതാവിനെ നിർദ്ദയം വധിച്ച ആ കരങ്ങളെ—കാരാഗൃഹത്തിൽവച്ചു് എന്റെ ഇടതുകൈയ്യ് ഒടിച്ച ആ പാണിദ്വന്ദ്വങ്ങളെ ഞാൻ മുത്തമിട്ടു. മഞ്ഞുപോലെ തണുത്തു മരവിച്ച ആ കൈകളോ, വിളറിത്തണുത്തു നിർജ്ജീവപ്രായങ്ങളായ ആ കാലുകളോ, വരണ്ടിരുന്ന ആ ചുണ്ടുകളോ, ഒട്ടിയിരുന്ന കവിൾത്തടങ്ങളോ, ചുറ്റും നിന്നവർക്കു ഭയാനകമ്പകൾ നൽകത്തക്ക

> അവർ നല്ലവരായിരിക്കണമെന്നു നമ്മൾ പലപ്പോഴും അന്യന്മാരെ ഉപദേശിക്കാറുണ്ടു്. എന്നാൽ നമ്മൾ നല്ലവരായിരിക്കുന്നുണ്ടോ എന്നു നമ്മൾ ആലോചിക്കാറില്ല. വാക്കുകൊണ്ടുള്ളതിനേക്കാൾ പ്രവൃത്തികൊണ്ടുള്ള ഉപദേശമാണു് അധികം ഫലിക്കുന്നതെന്നു നാം മറന്നുകളയുന്നു. നാവിനേൽ ഒട്ടുവളരെ സുകൃതം ശേഖരിച്ചു വച്ചിട്ടുള്ള പലരേയും കാണാം. എന്നാൽ അതിൽ അല്പംപോലും അവരുടെ ഹൃദയത്തിൽ കാണുന്നതു നന്നാ മുരുക്കം.

വണ്ണം ഇരുണ്ടുമിഴിച്ചു് പകുതി അടഞ്ഞിരുന്ന ആ കണ്ണുകളോ, മരണവിഴുപ്പാൽ നനഞ്ഞിരുന്ന ആ രോമാവലിയോ, ഒന്നും എനിയ്ക്കു മറക്കത്തക്കവയായിരുന്നില്ല. ഇഹലോകത്തിൽനിന്നും പുറപ്പെടാൻ തുടങ്ങുന്ന ആ ആത്മാവിനുവേണ്ടുന്ന ആശ്വാസജപങ്ങൾ ഞാൻ തന്നെ ചൊല്ലിക്കൊടുത്തു. സംബന്ധക്കാരിൽനിന്നും പുറപ്പെട്ട വിലാപമൊഴിച്ചാൽ അവിടെയെല്ലാം പരിപൂർണ്ണ നിശബ്ദത കളിയാടിയിരുന്നു. ശ്വാസോച്ഛ്വാസം മന്ദീഭവിച്ചു. നാസികാഗ്രങ്ങൾ വിസ്തൃതങ്ങളായി. വിനാഴികകൾ വേഗത്തിൽ കടന്നുപോയി. കൂട്ടിൽനിന്നും കാടപ്പക്ഷിയെന്നപോലെ നശ്വരമായ ആ ദേഹത്തിൽനിന്നും അനശ്വരമായ ദേഹി നിർഗ്ഗമിച്ചു.

തിരുഹൃദയത്തിന്റെ ഭക്തി നമ്മൾ കഴിയുന്നേടത്തോളം പരത്തുക.

VI.

അച്ഛൻകല്യാണം നടക്കാതെപോയതിനെപ്പറ്റി വടകരക്കാരെല്ലാവരും ഓരോ കാരണങ്ങൾ പറഞ്ഞിരുന്നു. വിഷണ്ണനായ എന്നെ സ്നേഹിതന്മാർ പലപ്പോഴും കളിയാക്കിയിരുന്നുവെങ്കിലും ഉള്ളിലുണ്ടായ താപാവമാനങ്ങളെ അടക്കത്തക്ക മനസ്ഥിതി സർവ്വേശ്വരനിൽനിന്നും ലഭിച്ചതിനാൽ എനിയ്ക്കു വലിയ അസ്വസ്ഥതയൊന്നുമുണ്ടായില്ല. പരാജയത്തിൽ പതറുന്നവൻ ഒരിയ്ക്കലും അഭ്യുദയത്തെ പ്രാപിയ്ക്കയില്ലതന്നെ. അപജയങ്ങൾ വരുമ്പോൾ അശരണനാവുകയും അവയ്ക്കു കാരണഭൂതരായവരോടു വിരോധം നടിയ്ക്കുകയും ചെയ്യുന്നതു് വിവേകിയായ മനുഷ്യനു നല്ലതല്ലല്ലൊ. വിവാഹസംബന്ധമായും മറ്റുമുള്ള കാര്യങ്ങളിൽ ഏർപ്പെട്ടുന്നവർ തങ്ങളുടെ ആനുകൂല്യാവസരങ്ങളിലും പ്രാതികൂല്യഘട്ടങ്ങളിലും ഒരുപോലെ സർവേശ്വരനിൽ ആശ്രയിക്കുന്നതായി കാണപ്പെട്ടാൽ അവർ അന്യന്മാരുടെ ആക്ഷേപത്തിനു പാത്രമാകുന്ന ഒരു കാലമാണിതു്. എന്നാൽ അവർമാത്രം സാക്ഷാലുള്ള വിജയശ്രീയെ ആശ്ലേഷിയ്ക്കുന്നവെന്നും, അവർമാത്രം തുടരേയുള്ള ഹൃദയസമാധാനത്തിനർഹരാകുന്നവെന്നും, അവർമാത്രം വീരന്മാരാകുന്നവെന്നും ലോകം ധരിയ്ക്കാത്തതാണാത്ഭുതം.

കടബാദ്ധ്യതയൊഴിച്ചാൽ തറവാട്ടുമുതലോളം വരുന്ന ധനം പണമായും വസ്തുക്കളായും എന്റെ പിതാവു സമ്പാദിച്ചിരുന്നതും തറവാട്ടുമുതലിൽനിന്നും ഒരുവീതവും, പെറന്മയുടേയും വളർത്തമ്മയുടേയും സ്ത്രീധനസംഖ്യകളും എല്ലാം ലഭിച്ചുകഴിഞ്ഞിട്ടും എനിയ്ക്കു് സന്തോഷമുണ്ടായില്ല. എന്റെ കല്യാണം കല്യാണമായിട്ടു തീരാതെപോയല്ലോ എന്നോർത്തു പലപ്പോഴും ഞാൻ വിഷാദിയ്ക്കാറുണ്ടായിരുന്നു. ഇങ്ങിനെയിരിയ്ക്കെ ഒരുദിവസം രാവിലെ ഞാൻ ദേവാലയത്തിലേയ്ക്കുപോയി. കിഴക്കൻ മലമുകളിൽ തലകാട്ടിയ കുട്ടിസൂര്യന്റെ ചെങ്കതിരുകൾ എന്റെ ദേഹത്തെ തലോടി. ഇവ തട്ടി തിളങ്ങിയിരുന്ന മഞ്ഞുതുള്ളികൾ വൃക്ഷലതാദികളുടെ പച്ചിലകളിൽ -വെള്ളക്കല്ലുകൾപോലെ മിന്നുന്നു. ആ കാശപറവകൾ മരക്കൊമ്പുകളിലിരുന്നു് പ്രഭാതകീർത്തനം തുടങ്ങിയതു വസാനിപ്പിച്ചു് ഓരോരോസ്ഥലങ്ങളിലേയ്ക്കു തിരിച്ചുതുടങ്ങി. സ്ഫടികവർണ്ണമായ ദേവാലയത്തിന്റെ മുകവാരം കിഴക്കൻദിക്കുകളിലേയ്ക്കു തിരിച്ചു, മൂലകളിൽ മേഘചിത്രയുണ്ടാക്കിയതിനാൽ അവ, ആ ഉന്നതമായ ഭിത്തിയിലടിച്ചു് മൃദു അടയുന്നു. കൃഷിആയുധങ്ങൾ വഹിച്ചുകൊണ്ടു്

അപ്പോൾ തിരുഹൃദയം നമുക്കു വലിയ സമ്മാനം തരും.

വേലക്കാർ വയലിനെ ലക്ഷ്യമാക്കി കന്നുകാലികളെ നയിച്ചുന്നതും ഞാൻ കണ്ടു. ഇങ്ങിനെ പല പ്രകാരത്തിൽ ആനന്ദപ്രദമായിരുന്ന ആ പ്രഭാതത്തിൽ ഞാൻ പള്ളിയിൽചെന്നു വിശുദ്ധകർമ്മങ്ങളിൽ പങ്കുകൊണ്ടശേഷം പുരോഹിതനെ കാണുവാനായി അദ്ദേഹത്തിന്റെ ആവശ്യപ്രകാരം അവിടെ നിന്നു.

വൈദികൻ:— "എന്താ, കല്യാണക്കാര്യമെല്ലാം എത്രമാത്രമായി. പെണ്ണിനു മനസ്സുണ്ടായോ?"

ഞാൻ:— "സമ്മതമില്ലാത്തവക്കു പിന്നെയെങ്ങിനെ സമ്മതമുണ്ടാകാനാണു?"

വൈദി:— കുറെ ആലോചിയ്ക്കാനുണ്ടെന്നല്ലേ പറഞ്ഞിരുന്നതു?"

ഞാൻ:— "എനിയ്ക്കറിവില്ല".

വൈദി:— "ഞാൻതന്ന ട്രടാക്ടു വായിച്ചില്ലേ?"

ഞാൻ:— "ആദ്യത്തെ വാചകംമാത്രം വായിച്ചു. എന്തായിരുന്നുപോലും അതിലെഴുതിയിരുന്നതു".

വൈദി:— "ശരി! അപ്പോൾ അതു വായിച്ചില്ല ഇല്ലേ. അതിലെഴുതിയിരുന്നതേതാണ്ടു ഇപ്രകാരമായിരുന്നു. "എനിയ്ക്കിപ്പോൾ വിവാഹത്തിനു സമ്മതമില്ലെന്നു ഞാൻ മാതാപിതാക്കന്മാരെ അറിയിച്ചെങ്കിലും, അവർ എന്റെ വാക്കുകൾ ശ്രദ്ധിച്ചതേയില്ല. അവരുടെ അതിയായ നിർബ്ബന്ധംമൂലം നിവൃത്തിയില്ലാഞ്ഞിട്ടത്രേ ഞാനിങ്ങോട്ടു പോന്നതു. വിവാഹം ചെയ്യണമോ എന്ന കാര്യം ഞാനിതുവരെ നിശ്ചയിച്ചിട്ടില്ല. അതു് എന്റെ ആത്മികഗുരുവിന്റെ ആലോചനയോടുകൂടി തീർച്ചപ്പെടുത്തുകയാണു് നല്ലതെന്നു തോന്നിയിരിക്കുന്നു. അതുകൊണ്ടാണെനിയ്ക്കിപ്പോൾ സമ്മതമില്ലെന്നു ഞാൻ പറയുന്നതു. പാപ്പച്ചനോടു് നിഷ്കളങ്കമായ സ്നേഹാദരങ്ങൾ എനിയ്ക്കുണ്ടു്. അതു് ഒരു ഭായ്യുടെ സ്നേഹാദരങ്ങളായി രൂപാന്തരപ്പെടുത്താനെനിയ്ക്കാഗ്രഹമുണ്ടെങ്കിലും, അതു് വളരെ ആലോചനയ്ക്കുശേഷം മാത്രമെ ഞാൻ ചെയ്യുകയുള്ളു. കർത്താവിന്റെ ഇഷ്ടം ഞാനൊന്നുകൂടി അനുഭവിയ്ക്കട്ടെ. ഈശോയുടെ ഇഷ്ടം എന്നിലുണ്ടായ ആ ആഗ്രഹത്തെ നിലനിറുത്തണമെന്നാണെങ്കിൽ അതിനും, നേരെമറിച്ചാണെങ്കിൽ അതിനും വിരോധമായി പ്രവർത്തിയ്ക്കാൻ ആർക്കും സാധിയ്ക്കയില്ല". ഇതായിരുന്നു

തീരുമാനത്തെ നമ്മുടെ കടുംബത്തലവനായി സ്വീകരിക്കുക.

അതിന്റെ മുരുക്കം. ഇത്ര സ്വഭാവനൈർമ്മല്യവും മനസ്ഥൈര്യവും സിദ്ധിച്ച ഒരു പെൺകുട്ടിയെ ധനവാന്മാരുടെ വീടുകളിൽ ഞാനേറെ കണ്ടിട്ടില്ല. വിവാഹത്തിനു മക്കളുടെ സമ്മതമറിയുക നമ്മുടെ ആളുകൾക്കു പതിവില്ല. ഏതാണ്ടൊരു ജോലി ഒതുക്കുന്നതുപോലെയാണ് ഈ സംഗതികളൊക്കെ നടത്തുന്നതു്. വിവരങ്ങൾ വിസ്തരിച്ചു്, മത്തച്ചനെ ഞാൻ വളരെ ശകാരിച്ചു. അതുകൊണ്ടു് അല്പം ശാന്തമായിട്ടാണിവിടെനിന്നും പോയതു്. മിനിയാന്നു മകളേയുംകൊണ്ടു് അതിരമ്പുഴയ്ക്കുപോയിയെന്നുകേട്ടു. രണ്ടാളൊന്നു തീർച്ചയാക്കിക്കൊണ്ടേവരൂ. മിക്കവാറും മഠത്തിൽ ചേർന്നേയ്ക്കും. അതിനാണെളുപ്പം. അല്ലാ-ഇതാ മത്തച്ചൻ ധൃതിയിൽ വരുന്നു. കാര്യമെല്ലാം സാധിച്ചെന്നാണു തോന്നുന്നതു്; അതാണിത്ര വേഗത്തിൽ».

എന്റെ ഹൃദയം വല്ലാതെ തുടിച്ചുതുടങ്ങി. എത്ര പ്രാവശ്യം ആ മുരുങ്ങിയ സമയത്തിനിടക്കു പ്രാർത്ഥിച്ചെന്നു കണക്കില്ല. കാലുകൾ നിലത്തുറയ്ക്കാതെ വീറച്ചു. മത്തച്ചന്റെ മുണ്ടുകൾ അനങ്ങുന്നതു കണ്ടപ്പോൾ ഞാൻ പഞ്ചേന്ദ്രിയങ്ങളുമടക്കി എന്താണു പറയുന്നതെന്നു കേൾക്കാൻ തയ്യാറായി. ഒരു നെടുവീർപ്പിനുശേഷം അദ്ദേഹം പറയാൻ തുടങ്ങി.

«ഹാ എന്റെ അച്ചാ! ഇപ്പോഴേ എനിക്കു നിവർന്നു നില്ക്കാറായുള്ളൂ.»

വൈദി:— «എന്താ, പോയിട്ടു മകൾ സമ്മതിച്ചോ?»

മത്ത:— «ഓ! തമ്പുരാന്റെ സഹായത്താലങ്ങു സമ്മതിച്ചേച്ചു. മൂന്നാമതൊന്നുകൂടി യോഹന്നാൻ മാംദാനായ്ക്കു കുമ്പാനം രണ്ടു നേരിട്ടാണു് പോയതു്. പുള്ളിയിതൊക്കെപ്പറഞ്ഞാലും ആളു വല്ലാത്തവനല്ലെ. വെളുക്കാറായി ഞങ്ങൾ വന്നപ്പോൾ. ഇളംതോപ്പിൽ വെന്നപ്പോൾ പാപ്പച്ചൻ പള്ളിയിലേക്കു പോയെന്നു പറഞ്ഞതുകൊണ്ടാണിങ്ങോട്ടോടിയതു്.»

വൈദി:— «എന്നാലിനി താമസിയാതെ കല്യാണം നടത്തുകയല്ലെ വേണ്ടതു്?»

മത്ത:— കഴിയുന്നതും വേഗത്തിൽതന്നെ. എന്താ പാപ്പച്ചാ അങ്ങിനെയല്ലേ. ആളുകളു പരിഹാസം പറയുന്നതിനുണ്ടോ കയ്യുംകണക്കും, ഹോ, ഹോ!

അപ്പോൾ നമ്മളുടെ കുടുംബം തിരുക്കുടുംബം പോലെയാകും.

ഞാൻ:— കുഞ്ഞാമ്മയുടെ കല്യാണവുംകൂടി കഴിച്ചാൽ എന്റെ ജോലി യൊതുക്കാമല്ലൊ എന്നുണ്ടു്. അതുകൊണ്ടു രണ്ടുംകൂടി ഒരുമിച്ചായാ ലോ എന്നോക്കുന്നു. »

മത്ത:— « എന്റെ പാപ്പച്ചാ! അതൊക്കെ താമസം. ആ ജോലി യെല്ലാമൊന്നും പേടിയ്ക്കേണ്ട. ഞാനേറു. ഇതങ്ങു നടക്കട്ടെ. ഹ! മനു ഷ്യരുടെ മുഖത്തുനോക്കാൻ മേലാന്നേ. മറേതിനി ചെറുക്കനെ തിരക്കിയൊക്കെ വരണ്ടെ. »

ഞാൻ:— « ആ ഭാരമൊക്കെത്തീർത്താണു വച്ചിരിക്കുന്നതു്. ചെറുക്ക ന്റെ സൌകര്യമറിഞ്ഞാൽമതി. »

വൈദി:— « എന്നിട്ടിതു ഞങ്ങളാരുമറിഞ്ഞില്ലല്ലോ. എവിടെയാണു് ചെറുക്കൻ? »

ഞാൻ:— ചെറുക്കനിപ്പോൾ ഓണേഴ്സിനു പഠിക്കുന്നു. എന്റെ സ ഹോദരനും ഉററമിത്രവുമാണു്. വിത്തമില്ലെങ്കിലും വിദ്യയുണ്ടു്. സ ൽഗുണ സമ്പന്നനുമാണു്.

മത്തച്ചൻ:— « ചെറുക്കന്റെ വീടു്? »

ഞാൻ:— « കുറവിലങ്ങാട്ടാണു്. »

വൈദി:— « കുറവിലങ്ങാട്ടു പുത്തേടത്തു സഖാസ്യനാണോ? »

ഞാൻ:— « അതേ. »

വൈദി:— « ഓഹോ; കൊള്ളാം; ആള് വളരെയോഗ്യൻ. »

മത്തച്ചൻ:— « ചെറുക്കനാരൊക്കെയുണ്ടു്? »

വൈദി:— അപ്പനും അമ്മയും ഇളയപ്പന്മാരുമൊക്കെയുണ്ടു്. സഹോ ദരങ്ങളാരുമില്ല. എതിനും സമർത്ഥനാണു്. കുടുംബം വളരെ പുരാ തനം. ഇടക്കാലത്തു് ക്ഷീണിച്ചെന്നേയുള്ളു. പരീക്ഷകഴിഞ്ഞിട്ടേ അയാൾക്കു സൌകര്യപ്പെട്ടമായിരിക്കുകയുള്ളു; അല്ലേ? »

ഞാൻ:— « ഏറേയാ? അതിനുമുമ്പു നടത്തുന്നതു അയാൾക്കു വിഷമമ ല്ലേയെന്നുതോന്നുന്നു. »

മത്ത:— « അതൊന്നും സാരമില്ല; ഇടയ്ക്കിങ്ങോട്ടൊന്നു വന്നാൽമതി. »

സഖാസ്യന്റെ സമ്മതത്തിനൊന്നും വിഷമമുണ്ടായിരുന്നില്ല. ചി രപ്രതീക്ഷിതമായിരുന്ന രണ്ടു വിവാഹത്തിനുള്ള ഒരുക്കങ്ങൾ തുടങ്ങി. വല്യപ്പൻ മുതൽപേരോടൊപ്പം കരക്കാരും കല്യാണം മോടിയാക്കാൻ വളരെ യത്നിച്ചു. മറപ്പിള്ളിൽ മത്തച്ചനു —എന്റെ ഭാവി—ശത്രുതനു—

സംഭവനത്തിൽ തകൃതിയായ ഒരുക്കങ്ങൾ നടക്കുന്നതിലും, വീട്ടിൽ നടക്കുന്ന ശ്രമങ്ങളിലും ഒരുപോലെ മേലന്വേഷണം നടത്തുവാനുള്ള സാമർത്ഥ്യമുണ്ടായിരുന്നു. എന്റെ സതീർത്ഥ്യരിൽ പലർക്കും ക്ഷണക്കത്തുകളയയ്ക്കുന്നതിനും, അവശ്യമുള്ള അനുമോദന മറുപടികൾ സ്വീകരിക്കുന്നതിനും മാത്രമെ ഞാൻ ബദ്ധപ്പെടേണ്ടിവന്നുള്ളൂ.

മറ്റപ്പിള്ളിൽ മത്തച്ചന്റെ വമ്പിച്ച സംഭത്തിൽ പങ്കുചേരുന്നതിന് ഞാൻ അവകാശിയായിത്തീരേണ്ട ദിവസം സമാഗമിച്ചു. വിചിത്രവേലകളാൽ രമണീയമാക്കി മുറ്റത്തു നെടുനീളത്തിലിട്ടിരുന്ന പന്തലിന്റെ മനോഹരത്വം മനസ്സിലാക്കാൻവന്ന ബാലന്മാർ, മണവാളനും കുടുംബത്തലവനുമായ എന്റെയടുക്കൽവന്നു സംഭാഷണം ചെയ്യുവാൻ താല്പര്യമുള്ളവരായിരുന്നു. കാരണവന്മാരുടെ ആഗ്രഹാനുസരണം വരുത്തിയ വാദ്യഘോഷങ്ങളും, പന്നി കോഴി മുതലായ ജന്തുക്കളുടെ അവസാന നിലവിളികളും കേട്ടുതുടങ്ങി. രാവിലെതന്നെ ദേവാലയത്തിൽചെന്ന് ദിവ്യകാരുണ്യമുൾക്കൊണ്ടശേഷം വിവാഹം നടത്തേണ്ടിയിരുന്നതിനാൽ വല്യപ്പൻ മുതലായവരുടെ ആശിസ്സുംവാങ്ങി, കല്യാണവസ്ത്രങ്ങളും ധരിച്ച്, ഞാനും സഹോദരിയും ദേവാലയത്തിൽ ചെന്നപ്പോൾ സബാസ്ത്യനും തങ്കമ്മയും അവിടെ എത്തിയിരുന്നു. വിവാഹബന്ധിതരാകേണ്ടിയിരുന്ന ഞങ്ങൾ നാലുപേരും ഒരുശോയെ സ്വീകരിക്കുവാൻ തയ്യാറായി. ഈട്ടിയ കൈകളോടുകൂടി താൻ ഞങ്ങളോരോരുത്തരുടെ ഹൃദയങ്ങളിലും എഴുന്നെള്ളി. അത്യാനന്ദത്തോടെതന്നെ ഞങ്ങൾ സ്വീകരിച്ചു. കാനായിലെ കല്യാണത്തിനു താൻ പന്തലിൽമാത്രം സന്നിഹിതനായിരുന്നു; എന്നാൽ ഞങ്ങളെ അനുഗ്രഹിക്കുവാൻ ഒരുശോ ഓരോരുത്തരുടെ ഹൃദയങ്ങളിലും എഴുന്നെള്ളി. എന്റെ കൈകളെ താങ്ങുന്നവനും, സഞ്ചാരമാർഗ്ഗങ്ങളെ പ്രകാശിപ്പിക്കുന്നവനുമായ രക്ഷിതാവിന്റെ കരങ്ങളിൽ ശിശുസാധാരണമായ നിഷ്കപടതയോടുകൂടി എന്നെ സമർപ്പിച്ചുകൊണ്ടാണ് ജീവിതത്തിൽ വളരെ മഹത്തായ ഈ കൃത്യത്തിനു—വിവാഹത്തിനു—ഞാനൊരുമ്പെട്ടതു്. മ്ശിഹായെ ഉൾക്കൊണ്ടിരുന്ന ഞങ്ങളെ തന്റെ സ്ഥാനാപതിയായ പട്ടക്കാരൻ വിവാഹത്തിൽ ബന്ധിച്ചു.

ഞങ്ങളെല്ലാവരും ദേവാലയത്തിൽനിന്നും പുറപ്പെട്ടു. ഒരു മഹാജനക്കൂട്ടത്തിന്റെ മദ്ധ്യേയാണ് ഞങ്ങൾ പോയതു്. പലതരത്തിലുള്ള വാദ്യഘോഷങ്ങളാലും, മാലപ്പടക്കത്തിന്റെ ചടപടാസ്വരങ്ങളാലും ആകാശം ശബ്ദായമാനമായിരുന്നു. ദമ്പതിമാർ കയറിയിരുന്ന മോട്ടോർ

അതിൽ അനേക അത്ഭുതങ്ങൾ അടങ്ങിയിരിക്കുന്നു.

സാവധാനത്തിൽ നീങ്ങിക്കൊണ്ടിരുന്നു. കാറിൽവച്ചു ഞാനും സഖാവും തമ്മിൽ നടന്ന സംഭാഷണത്തിന്റെ ഒരു പ്രധാനഭാഗം ഇതായിരുന്നു.

സഖാവ്:— "അയോഗ്യനായ ഈ ആപ്പമിത്രത്തെ നിങ്ങൾ നിങ്ങളുടെ സോദരീകാന്തനായിട്ടയത്തി; അതിനു പ്രതിഫലം ദൈവംതന്നെ നൽകട്ടെ. എന്നാൽ ഈ ശുഭാവസരത്തിൽ ഒരുകാര്യം ചോദിക്കാനുണ്ട്. ഒന്നരകൊല്ലത്തോളം മ്ശിഹായുടെ ദാസനെന്ന നിലയിൽ ഞാൻ നിങ്ങളോടുപദേശിച്ചതിന്റെ ഫലമായി നിങ്ങളിൽ തളച്ചുവളർന്ന ആ അനുദിനദിവ്യകാരുണ്യസ്വീകരണച്ചെടി സുഗന്ധപൂർണ്ണങ്ങളായ കുസുമങ്ങളെ ഭാവിയിലും പുറപ്പെടുവിക്കുമെന്നുതന്നെ ഞാൻ വിശ്വസിക്കട്ടെയോ?"

ഞാൻ:— "എന്റെ ഈ ആപ്പമിത്രംവഴി ദൈവം അപ്രകാരമുള്ള ഒരു ചെടിയെന്നിൽ വളർത്തിയിട്ടുണ്ടെങ്കിൽ അതെന്നിൽ വാടാതെ തഴച്ചുവളരുമെന്നു ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നുണ്ട്. മ്ശിഹായോട് എന്നെ നിത്യം സുദൃഢമായി ബന്ധിക്കുവാൻ നിങ്ങൾക്കു കഴിഞ്ഞപ്പോൾ കേവലം ഒരു മർത്യസ്ത്രീയുമായി, എന്റെ വാത്സല്യ സഹോദരിയുമായി, നമ്മെ സംയോജിപ്പിക്കുവാനെ എനിക്കു സാധിച്ചുള്ളൂ."

—ശുഭം.—

ഇക്കഴിഞ്ഞ മഹായുദ്ധകാലംമുതൽ ബ്രിട്ടീഷ് ഗവർമ്മേണ്ടിന്റെ ഒരു സ്ഥാനപതി മാപ്പാപ്പായുടെ കച്ചേരിയിലേയ്ക്കു അയക്കപ്പെട്ടിട്ടുണ്ടല്ലൊ. ആ സ്ഥാനപത്യം മേലിൽ എന്നും ഉണ്ടായിരിക്കുമോ എന്നു ബ്രിട്ടീഷ് പാർലമെന്റിലെ കോമൺസ് സഭയിൽവച്ചു സർ ആസ്റ്റൻ ചേമ്പർലെയിൻ എന്ന വിദേശകാര്യമന്ത്രിയോടു ചോദിക്കയുണ്ടായി. ഉണ്ടായിരിക്കും എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി. മഹായുദ്ധകാലത്തെ രാഷ്ട്രീയകുഴപ്പങ്ങൾക്കിടയിൽ അങ്ങിനെ ഒരു സ്ഥാനപത്യം ഏർപ്പെടുത്തേണ്ടതു ആവശ്യമായിതോന്നിയ സ്ഥിതിക്ക് ഇപ്പോൾ അതു വേണ്ടെന്നു വയ്ക്കുന്നതു് ശരിയല്ലെന്നും; കത്തോലിക്കസഭയെക്കുറിച്ചു മറ്റുള്ളവർക്കുള്ള അഭിപ്രായം എന്തായിരുന്നാലും, ആ സഭാധ്യക്ഷൻ ലോകത്തിലെ ഒരു മഹാ ധാർമ്മികശക്തിയായിരിക്കയും അനേകലക്ഷം ബ്രിട്ടീഷ് പ്രജകൾ അവിടുത്തെ ഭക്തിബഹുമാനപുരസ്സരം വണങ്ങിവരികയും ചെയ്യുന്നുണ്ടെന്നും അദ്ദേഹം പ്രസ്താവിച്ചു.

ഒരു പുതിയ സന്ന്യാസസഭ.

ഓരോരോ ഉദ്ദേശങ്ങളോടുകൂടി ഇപ്പോൾ അനേകം കത്തോലിക്കാ സന്ന്യാസസഭകൾ നടത്തപ്പെടുന്നുണ്ടല്ലോ. ഇക്കൂട്ടത്തിൽ വർത്തമാന പത്രികായ്ക്കു പ്രവർത്തനത്തിനായും ഇതിനിടെ ഒരു പുതിയ സന്ന്യാസസഭ സ്ഥാപിതമായിരിക്കുന്നു. ഈ സന്ന്യാസസഭയുടെ സംരക്ഷകനായി മിഖായേൽ മാലാഖയെ സ്വീകരിക്കയും അതിനു വിശുദ്ധ മൈക്കൾ സന്ന്യാസസഭ എന്നു പേർവിളിക്കയും ചെയ്തിരിക്കുന്നു. "നിങ്ങൾ വെറുതേ മിസ്സങ്ങൾ സ്ഥാപിക്കുന്നു, പള്ളികളും സ്കൂളുകളും അനാഥശാലകളും പണിയിക്കുന്നു. കുസ്തീയ പത്രങ്ങളാകുന്ന ആയുധങ്ങളെ പ്രയോഗിക്കുന്നതിനുകൂടി നിങ്ങൾ പരിശീലിക്കാത്തപക്ഷം നിങ്ങളുടെ ശ്രമങ്ങൾ എല്ലാം നിഷ്ഫലങ്ങളായിത്തീരും; നിങ്ങളുടെ നല്ല വെലകളെല്ലാം നശിപ്പിക്കപ്പെട്ടുപോകും" എന്നുള്ള പത്താം പീയൂസ് മാപ്പാപ്പാ തിരുമനസ്സിലെ വാക്കാണ് അവരുടെ മുദ്ര.

ടി. സന്ന്യാസസഭയുടെ അംഗങ്ങൾ ദാരിദ്ര്യം, അനുസരണം എന്നീ വ്രതങ്ങളാൽ ബന്ധിതരായിരിക്കും. പുണ്യപൂർണ്ണതയിലേക്കുള്ള യഥാർത്ഥമായ ആഗ്രഹവും സ്വാർത്ഥത്യാഗപൂർവ്വമായ സ്നേഹവും അവർക്കുണ്ടാകണം. കത്തോലിക്കാപത്രങ്ങളുടെ നിലനില്പിനും വ്യാപ്തിയ്ക്കുമായി ശ്രമിച്ച് തദ്വാരാ ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടി പ്രവൃത്തിക്കേണ്ടതാണ് സഭയുടെ ഉദ്ദേശം. ഇന്നത്തെകാലത്തു ചീത്ത പത്രങ്ങൾകൊണ്ടു ജനസമുദായത്തിനുണ്ടാകുന്ന ഭയങ്കര ദോഷങ്ങളെ തടയുന്നതിനും ഈ സഭ ശ്രമിക്കുന്നതാണ്. അച്ചടിത്തൊഴിലിൽ ഈ സന്ന്യാസിസഹോദരന്മാർ നേരിട്ടു ഏർപ്പെട്ടും. അവർ തന്നെ കമ്പോസിറ്റർമാരുടേയും പത്രാധിപന്മാരുടേയും മറ്റും പ്രവൃത്തികളെല്ലാം നടത്തുന്നതാണ്.

"ലോകകാര്യങ്ങളിൽ ഏർപ്പെട്ടു ജീവിക്കുന്നവർക്ക്, സ്നേഹപരമായ ഈ (തിരുഹൃദയ) ഭക്തിവഴിയായി, അവരവരുടെ ജീവിതമാർഗ്ഗം നിർവ്വഹിക്കുന്നതിനു ആവശ്യമായ സകല ദൈവാനുഗ്രഹങ്ങളും ലഭിക്കുന്നതാണ്. അവരുടെ കുടുംബങ്ങളിൽ സമാധാനവും, അവരുടെ സകല ഉദ്യമങ്ങളിൽ ദൈവസഹായവും, അവരുടെ ബുദ്ധിമുട്ടുകളിൽ ആശ്വാസവും ഉണ്ടാകും. അവരുടെ ജീവകാലം മുഴുവൻ, സർവ്വോപരി അവരുടെ മരണനേരത്തും, തിരുഹൃദയം ഒരു സംരക്ഷണസ്ഥാനമായിരിക്കുകയും ചെയ്യും." (വിശുദ്ധ മർഗരീത്ത മറിയം)

ഠരംയോബിന്റെ ക്ഷമ.

(പ്രഹസനം) (343-ാംപക്ഷം തുടർച്ച)

(ശ്രീമാൻ പെരുന്നയിൽ കെ. എ. സെബാസ്റ്റ്യൻ.)

മൂന്നാം രംഗം.

(ഈയോബ് രോഗശയ്യയിലും ഭാര്യ സമീപത്തും സ്ഥിരിചെയ്യുന്നു)

ഈയോബ്— ഗീതം — ചൊല്ലാനൊരു ഭൂപാലക എന്ന മട്ട്.

ഠരംശാ! ജഗദീശാ! കൃപാലയ ഭവാനെന്റെ
ക്ലേശമെല്ലാം തീർത്തീടേണം ശാശ്വതമാം മൂർത്തേ. ഠരംശാ.
നാശകരമായീടുമീ ദേശമതിൽനിന്നും
വാസമൊഴിച്ചീടേണമെന്നാശയതുപോലെ ഠരംശാ.
അറിയാതെ ഞാൻ ചെയ്തദോഷമഖിലംപൊറുത്തിപ്പോൾ
ചൊരിയേണമേ! നിൻകൃപയാമമൃതം സകലേശാ! ഠരംശാ.

ഹാ! ജഗദീശ്വരാ! ഭക്തവത്സാ! ഇനിയെങ്കിലും എന്റെ പാപിയായ ദേഹിയെ ഈ മായാസമുദ്രത്തിൽനിന്നും വേർപെടുത്തേണമേ!

ഭാര്യ:- പ്രിയ ഭർത്താവെ! ആശ്വസിക്കണേ! ആശ്വസിക്കണേ!

ഈയോബ്:- പ്രിയതമേ! ഞാൻ എന്തുവിചാരിച്ചാണ് സമാധാനപ്പെടുന്നതു? എന്റെ പുത്രമിത്രാദികളും എനിക്കുള്ള സർവ്വസമ്പത്തുക്കളും നശിച്ചിട്ടും ഞാൻ സഹിച്ചില്ലേ? പക്ഷേ എന്റെ ഈ വ്രണങ്ങളിൽനിന്നുള്ള വേദന സഹിക്കുന്നതിനു ഞാൻ കേവലം അശക്തനാണ്.

ഭാര്യ:- ഹാ! ദൈവമേ ഇനി ഞാൻ എന്താണു ചെയ്യേണ്ടതു?

(ഗീതം—ഏമജ്ജലിവ്യമതേ! എന്ന മട്ട്.)

എങ്ങിനെഞാൻ സഹിപ്പൂ ജീവേശ്വരാ എങ്ങിനെ.
പങ്കമകന്നൊരീ നിന്മുഖചന്ദ്രനിൽ
തങ്കിടും താപമഹോ ജീവേശ്വരാ! എങ്ങിനെ.
നിദ്രയുമില്ലാതെ ഘീവിധം രാപകൽ
ദീനതയാൻനിടിലെൻ ജീവേശ്വരാ! എങ്ങിനെ.
അല്പലകറിടും നിന്നുടെപൂമേനി
ഉല്പാസമായിടാതെ ജീവേശ്വരാ എങ്ങിനെ.

ഇയ്യോബ്:- ഹാ! ജഗദീശപരാ!

കഷ്ടം! നിഷ്ഠുരനായ ഞാൻ സുതരെയും കൈവിട്ടുപെട്ടന്നഹോ-
ഇഷ്ടപ്രേയസിയായനിന്നെറ വ്യഥയും കാണ്മാൻകിടക്കുന്നിതാ!
ദുഷ്ടൻ! ഞാനിനി എന്തിനിങ്ങനെ വലഞ്ഞീടുന്നു, സർവ്വേശപരാ!
പെട്ടെന്നെന്നുടെ ദേഹിയേ സുരപുരേ ചേർത്തുരക്ഷിക്കണേ!

ദാസ്:- ജീവേശപരാ! അവിടുത്തെ ഈ സങ്കടങ്ങൾ ഞാൻ എങ്ങനെയാണു കണ്ടുകൊണ്ടിരിക്കുന്നതു്.

(ഗീതം—പവനനാൽ ഇളകുന്ന എന്ന മട്ടു്.)

ഹാ! ഹാ! ഞാനെന്താണു ചെയ്തതു ദൈവമേ!
പാഹിമാം കാരുണ്യാബ്ധേ!
പ്രാണനാഥനുമിങ്ങു ദീനമായ് മരുവുന്നു.
കേണുഞാൻവലയുന്നു
അവനമതുചെയ്യാൻ ജഗദീശാ! നീയെന്യ-
ഭുവനത്തിലാരുമില്ല.
കരുണാവാരിധിയാമെൻ രമണൻ സൗഖ്യമോടിങ്ങു-
മരുവീടാൻ കൃപചെയ്യണേ.

(കരയുന്നു)

ഇയ്യോബ്:- കരയരുതിതുപോലെന്നോമനേ! ജീവനാഥേ!
ഉരുതരകദനങ്ങൾ സർവ്വംതീർക്കുമീശൻ
ദുരിതനിരയനേകം ഭക്തരിൽചേർത്തിടുന്ന-
തൊരുവക കൃപയാണെന്നുള്ളതിൽതർക്കമില്ലാ.

(അനന്തരം ഈയോബിന്റെ ചില സ്നേഹിതന്മാർ പ്രവേശിക്കുന്നു)

ഒന്നാമൻ:- ഹാ! ദൈവമേ! എന്റെ സ്നേഹിതനായ ഇയ്യോബോ ഇയ്യ കിടക്കുന്നതു്? ദരിദ്രന്മാരുടെ ഏകാവലംബമായ പുണ്യദേഹമോയിതു്. പ്രാണസ്നേഹിതാ, നിങ്ങൾക്കു ഇപ്രകാരം സംഭവിക്കാൻ കാരണമെന്തു്?

ഇയ്യോബ്:- വിധിവിഹിതം ലംഘിക്കുവാൻ ആർക്കെങ്കിലും സാധിക്കുമോ?

വി. കുർബാനയിൽ മിശിഹാതന്നെ സന്നിഹിതനായിരിക്കുന്നു.

രണ്ടാമൻ:- സ്നേഹിതാ! ദൈവം നീതിമാന്മാരെ അനുഗ്രഹിക്കുമെങ്കിൽ നിന്നോടു ഇപ്രകാരം ചെയ്യാൻ കാരണമെന്തു? അതിനാൽ നീ നിന്റെ അന്ധവിശ്വാസങ്ങളിൽനിന്നു പിന്മാറുക. അപ്പോൾ നിനക്കു സൗഭാഗ്യം വീണ്ടും സിദ്ധിക്കുന്നതാണ്.

ഈയ്യോബ്:- എന്റെ വിശ്വാസം ദൃഢമുള്ളതാണ്. എന്റെ ഹൃദയത്തെ ഇളക്കുന്നതിനു് ആർക്കും സാധിക്കുന്നതല്ല.

മൂന്നാമൻ:- ഈയ്യോബേ! ഈലോകജീവിതം സൗഖ്യമായി കഴിച്ചുകൂട്ടാൻ എന്തും പ്രവർത്തിക്കുന്നതിനു മനുഷ്യർ സദാ സന്നദ്ധരായിരിക്കേണ്ടതാണ്.

ഈയ്യോബ്:- സ്നേഹിതാ! ദൈവം ചെയ്യുന്നതെല്ലാം എന്റെ നന്മക്കായിട്ടു മാത്രമെന്നേ ഞാൻ വിചാരിക്കുന്നുള്ളൂ. അതിനാൽ നിങ്ങൾ എന്നെ ഇതിനായിട്ടു നിർബ്ബന്ധിക്കേണ്ട. സ്വർഗ്ഗത്തിൽനിന്നു ഒരു ദൈവദൂതൻ വന്നു പറഞ്ഞാലും ഞാൻ അതു സമ്മതിക്കയുമില്ല.

രണ്ടാമൻ:- അവനവൻ ചെയ്യുന്ന പാപകർമ്മങ്ങളുടെ ഫലം അവനവൻ അനുഭവിച്ചേതീരുകയുള്ളൂ. അതിനാൽ ഞങ്ങളിതാ പോകുന്നു.

(ഇരുവരും പോയി)

ഈ- ഭാര്യ:- പ്രാണനാഥാ! അവരുടെ അഭിപ്രായങ്ങൾ സ്വീകാര്യങ്ങളായിട്ടാണ് എനിക്കും തോന്നുന്നതു്. നമുക്കു ഈ അനർത്ഥങ്ങളെല്ലാം വരുവാൻ കാരണം അവിടുത്തെ ദൈവവിശ്വാസത്തെ ഇളക്കുവാൻ സാത്താൻചെയ്ത പ്രയത്നങ്ങൾ നിഷ്ഫലമായി പോയതുകൊണ്ടല്ലയോ?

ഈയ്യോബ്:- പ്രിയേ! ഈലോകസുഖങ്ങളുടെ നിസ്സാരതയെപറ്റി വിചാരിക്കുമ്പോൾ ഭവതിയുടെ ഉപദേശങ്ങളും തള്ളിക്കളയാതിരിക്കുവാൻ നിവൃത്തിയില്ല.

ഭാര്യ:- ലോകത്തിൽ ജീവിച്ചിരിക്കുമ്പോൾ ലോകസുഖങ്ങളെ ഏറക്കുറെ അനുഭവിക്കേണ്ടതുതന്നെയാണ്.

ഈയ്യോബ്:- ഞാൻ ലോകസുഖങ്ങളെ ലേശംപോലും ആശിക്കുന്നില്ല.

ഭാര്യ:- എന്നാൽ നിങ്ങളോടൊരുമിച്ചുള്ള ഈ കഷ്ടപ്പെട്ട ജീവിതത്തെ ഞാനും ആഗ്രഹിക്കുന്നില്ല. (കോപിച്ചു പോകുന്നു)

ആദിമാതാപിതാക്കന്മാർ ദൈവത്തെപ്പോലെയാകാൻ ആഗ്രഹിച്ചു.

ഈയ്യോബ്:- (ഗീതം — പ്രാണസഖി എന്ന മട്ട്.)

ദൈവമേ! ദയാവാരിധേ! കാത്തിടേണമീദാസനേ! ദൈവ.
ഘോരതരമാകും രോഗം പാരമെന്നെവലയ്ക്കുന്നു
പാരിടമിതിൽ നീയൊഴിഞ്ഞാരുമേയാശ്രയമില്ലാ ദൈവ.
എത്രയുംസുഖമായിഞാൻ പാത്തലത്തിൽവാണകാലം
കീർത്തിയേറും സ്നേഹിതന്മാർ പാരമുണ്ടായിരുന്നുമേ ദൈവ.
കഷ്ടകാലമിതിൽപ്പെട്ട കേണിടുന്നൊരീസമയം
ഇഷ്ടപ്രാണേശരിപോലും വിട്ടുപിരിഞ്ഞുപോയെന്നെ ദൈവ.
സ്വദയാസാഗരനേ! സർവേശരാ! ചിൽസ്വരൂപാ!
ഉർവിയിലിപ്പാപിയെനീ സർവദാ കടാക്ഷിക്കണേ!! ദൈവ.

(അശരീരി)

ഭക്തശിരോമണിയായ ഈയ്യോബെ! നിനക്കു സമാധാനം!! നിന്റെ ദൃഢവിശ്വാസത്താൽ നാം സന്തുഷ്ടനായിരിക്കുന്നു. നിന്നെ സകല അനർത്ഥങ്ങളിൽനിന്നും നാം രക്ഷിക്കും. നിനക്കു നശിച്ചുപോയ സകല പദവികളും ഇരട്ടിയായിതരും!!

(കർട്ടൺ വീണു)

നാലാം രംഗം.

(ഈയ്യോബിന്റെ ഒരു ഭൃത്യൻ പ്രവേശിക്കുന്നു)

ഭൃത്യൻ:- സർവശക്തനായ ദൈവം തന്റെ ഭക്തന്മാരെ ഒരിക്കലും ഉപേക്ഷിക്കുന്നതല്ലെന്നുള്ളതിനു് എന്റെ യജമാനനായ ഈയ്യോബിന്റെ ചരിത്രം പ്രത്യക്ഷസാക്ഷ്യമാണു്. ദൈവത്തിലുള്ള അദ്ദേഹത്തിന്റെ ദൃഢവിശ്വാസത്തെ ഇളക്കുന്നതിനു് സാത്താൻചെയ്ത ശ്രമങ്ങൾ എല്ലാം നിഷ്ഫലമായിപ്പോയി. ഒടുവിൽ തന്റെ ഭക്തനായ ഈയ്യോബിന്റെ ദൃഢവിശ്വാസംകണ്ടു സന്തുഷ്ടനായ ദൈവം അദ്ദേഹത്തിനു് നഷ്ടപ്പെട്ട സകല സമ്പത്തുക്കളും ഇരട്ടിയായി കൊടുത്തെന്നു മാത്രമല്ല മരിച്ചുപോയ ഏഴു പുത്രന്മാർക്കും മൂന്നു പുത്രിമാർക്കും പകരം അത്രയും പുത്രന്മാരെയും പുത്രിമാരെയും കൂടി ദാനം ചെയ്തു. ദൈവത്തിന്റെ ഭക്തവാത്സല്യം അത്ഭുതകരംതന്നെ. അല്ല!! യജമാനൻ ഇതാ ഇങ്ങോട്ടുതന്നെ വരുന്നെന്നു തോന്നുന്നു.

വി. കുർബാനയിൽ ആ ആഗ്രഹം എപ്രകാരം സാധിക്കാൻ കഴിയും.

(ഈയ്യോബും ഭാര്യയും മക്കളും പ്രവേശിക്കുന്നു)

ഈയ്യോബ്:- പ്രിയേ! ദൈവം തന്റെ ഭക്തന്മാരെ ഉപേക്ഷിക്കുന്നതില്ലെന്നു ഞാൻ അന്നു പറഞ്ഞപ്പോൾ ഭവതി എന്താണു പറഞ്ഞതു്?

ഭാര്യ:- പ്രാണനാഥാ! അബലയായ ഞാൻ അന്നു അപ്രകാരം പറഞ്ഞുപോയി. എന്നാലിപ്പോഴാകട്ടെ ഭവാന്റെ അഭിപ്രായങ്ങൾ അക്ഷരാർത്ഥം വാസ്തവമാണെന്നു സമ്മതിച്ചിരിക്കുന്നു.

ഈയ്യോബ്:- പ്രിയേ, എന്തെങ്കിലും നിസ്സാരമായ സങ്കടങ്ങൾ ഉണ്ടാകുമ്പോൾ ദൈവത്തെ ദൂഷിച്ചുപറയുന്ന ഏതുയോലക്ഷം ജനങ്ങളാണു് ഇപ്പോൾ ലോകത്തിൽ ജീവിച്ചിരിക്കുന്നതു് എന്നു ഓർക്കുമ്പോൾ എനിക്കു ആ സാധുക്കളെപ്പറ്റി വളരെ സഹതാപം തോന്നുന്നുണ്ടു്.

ഭാര്യ:- പ്രാണനാഥാ! അവരുടെ ആത്മീയ നയനങ്ങൾ സർവ്വശക്തനായ ദൈവംതന്നെ തുറന്നു അവർക്കു നിത്യവെളിച്ചത്തെ പ്രദാനം ചെയ്യട്ടെ. ഭവാന്റെ ചരിത്രം അങ്ങനെയുള്ളവർക്കു ഒരു സന്മാതൃകയായി ലോകാവസാനത്തോളം പരിലസിക്കട്ടെ.

ഈയ്യോബ്:- പ്രിയേ! നമ്മെ സകല അനർത്ഥങ്ങളിൽനിന്നും രക്ഷിച്ച സർവ്വശക്തനായ ദൈവത്തെ ഇനി ആരാധിക്കാം.

(എല്ലാവരും കൂടി)

ഗീതം — ഭാസുരവർണ്ണസരൂപി എന്ന മട്ടു്.

തിങ്ങുമാധിയാകെനീക്കി മംഗളമരുളിയ
മംഗളമരുളിയ ദൈവമേ! കൈതൊഴുന്നു!
പാപികളാമീജനങ്ങൾക്കാശ്രയംഭവാനെന്നെ
ആശ്രയംഭവാനെന്നെ ആരുമില്ലഖിലേശാ!
നിന്മഹിമയോർത്തിടാതെ തിന്മയിൽ വാഴുന്നോരെ
തിന്മയിൽവാഴുന്നോരെ ചെമ്മെനീതുണയ്ക്കണേ!
സത്യവേദദീപ്തിയാലീ പാർത്തലംവിളങ്ങുവാൻ
പാർത്തലംവിളങ്ങുവാൻ നിൻകൃപചൊരിയണേ!

(എല്ലാവരും പോയി)

സമാപ്തം.

വി. കുമ്പാനയാൽ ദൈവപുത്രൻ നമ്മിൽ എഴുന്നെള്ളി വരുന്നു.

ഹങ്കറിയിലെ എലിസബെത്തു്.

(ശ്രീമാൻ സി. എ. മാത്തു, കല്ലൂർ.)

പതിമൂന്നാം ശതാബ്ദത്തിന്റെ ആദ്യകാലങ്ങളിൽ ഹങ്കറി രാജാവിന്റെ മകളായി എലിസബെത്ത് എന്ന പേരുള്ള ഒരു രാജകന്യക ജീവിച്ചിരുന്നു. അസാധാരണ ഭക്തിക്കും ദീനാനുകംബക്കും വിളനീലമായിരുന്ന ഈ തരുണീരത്നത്തിനു അനുരൂപനായ തുറിങ്ങ്യയിലെ രാജകീയ പ്രഭുവായ ലൂയിസാണ് ഇവളെ വിവാഹം ചെയ്തിരുന്നതു്. പ്രഭുതന്റെ ഭാര്യയുടെ ഭക്തകൃത്യങ്ങൾ ഒന്നും തടഞ്ഞിരുന്നില്ലെന്നതന്നെയല്ല പലപ്പോഴും അങ്ങനെയുള്ള പ്രവൃത്തികൾക്കുവേണ്ട ഒത്താശകളെല്ലാം ചെയ്തുകൊടുക്കയും പതിവായിരുന്നു. തന്മൂലം എലിസബെത്തിന്റെ ഇഷ്ടംപോലെ മഹാരോഗികളെ സഹീകരിക്കുന്നതിനും ശുശ്രൂഷിക്കുന്നതിനും പറ്റിയ അനേകം ആസ്പത്രികളും ആതുരശാലകളും സ്ഥാപിച്ചു. അവയിലുള്ള രോഗികളെയെല്ലാം കഴിവുള്ളപ്പോഴൊക്കെ സ്വന്ത കൈകൾകൊണ്ടു ശുശ്രൂഷിക്കയും ചെയ്തുവന്നിരുന്നു. താനും ഭർത്താവും അമ്മേഹത്തിന്റെ അമ്മയായ സോഫിയാ പ്രഭ്വിയും കൂടി താമസിച്ചിരുന്ന അരമനപോലും ചിലപ്പോൾ ആസ്പത്രിവേഷംകെട്ടുവാൻ ആ സ്ത്രീ ഇടയാക്കിയിരുന്നു.

ഒരുദിവസം പ്രഭു തന്റെ വിശാലമായ രാജ്യത്തിന്റെ ഒരറ്റത്തേക്കു യാത്ര പുറപ്പെട്ടു. അന്നു അരമനവാതില്ക്കൽ എലിയാസ് എന്ന പേരുള്ള ഒരു കുഷ്ഠരോഗി വന്നു സങ്കേതം അപേക്ഷിച്ചു. ദയാപൂർണ്ണയായ പ്രഭ്വി ഈ മഹാരോഗിയെ സഹീകരിച്ചു് പഴുത്തുചീഞ്ഞൊഴുകിയിരുന്ന അയാളുടെ മുറിവുകളെല്ലാം സ്വന്ത കൈകൾകൊണ്ടുതന്നെ കഴുകി ഉടുപ്പിച്ചു കിടത്തുവാൻ ഒരു സ്ഥലം അന്വേഷിച്ചു. അരമനയിലെ ഓരോ കട്ടിലുകളിലും രോഗികൾ സ്ഥലംപിടിച്ചിരുന്നതിനാൽ ഒഴിവായ ഒരു സ്ഥലവും കണ്ടുകിട്ടാതെ രാജ്ഞി വളരെ കുഴങ്ങി. പെട്ടെന്നു അവളുടെ ഉള്ളിൽ ഒരു വിചാരമുണ്ടായി. തന്റെ ഭർത്താവു അന്നു മടങ്ങിവരികയില്ലെന്നും അതുകൊണ്ടു് അദ്ദേഹത്തിന്റെ കിടക്കയിൽ ഈ രോഗിയെ കിടത്താമെന്നും തീർച്ചയാക്കി പുണ്യാത്മാവായ ആ സ്ത്രീ അപ്രകാരം പ്രവർത്തിച്ചു. യാത്രാമദ്ധ്യത്തിലുണ്ടായ ഏതോ ആകസ്മികസംഭവംമൂലം കുറെനേരം കഴിഞ്ഞു തിരിച്ചുവന്ന പ്രഭു പടിക്കലെത്തിയപ്പോൾ;

നമ്മുടെ സ്വഭാവത്തെ അവിടുത്തേതുപോലെ ആക്കിത്തീർക്കുന്നു.

എലിസബെത്തു് കുഷ്ഠരോഗിയെ പ്രഭുവിന്റെ ശയ്യയിൽ കിടത്തി ശുശ്രൂഷിക്കുന്നതു കണ്ടു്. കോപവെറി പൂണ്ടിരുന്ന സോഫിയാ പ്രഭു വിവരം മുഴുവൻ ഒന്നിക്കിരട്ടിയായി അദ്ദേഹത്തെ ധരിപ്പിച്ചു. അസാധാരണ ക്ഷേതനായിരുന്നിട്ടും ഇങ്ങിനെയുള്ള ധിക്കാരം സഹിയാതെ ക്ലയിസ് പെട്ടെന്നു മതിമറന്നുപോയി. എങ്കിലും ഒന്നും പറയാതെ അമ്മയോടുകൂടി സപ്രമഞ്ചത്തിന്റെ അടുത്തെത്തി വിരിമാറ്റി നോക്കിയപ്പോൾ— മഹാ അത്ഭുതം—പഴുത്തു ചീഞ്ഞ വ്രണങ്ങളോടുകൂടിയ കുഷ്ഠരോഗിക്കു പകരം തലയിൽ മുൾമുടിയും ഹൃദയത്തിലും കാലുകളിലും കരങ്ങളിലും തിരുമുറിവുകളും ഉള്ള ക്രൂശിക്കപ്പെട്ട ദിവ്യരക്ഷകനെയത്രെ അദ്ദേഹം കണ്ടതു. ഈ അത്ഭുതം കണ്ടു് ക്ലയിസ് തന്റെ ഭാര്യയോടു "പ്രിയ സോദരീ, ഇങ്ങിനെയുള്ള രോഗികൾക്കു എന്റെ കിടക്ക ഒഴിവുള്ളപ്പോഴൊക്കെ കൊടുക്കുകയും നിന്റെ ആതുരസംരക്ഷണം കുറവുകൂടാതെ നടത്തുകയും ചെയ്യണമെന്നു നിന്നോടഞ്ഞാൻ അപേക്ഷിക്കുന്നു" എന്നു പറഞ്ഞതിനു ശേഷം 'കർത്താവു, ഒരു ഹീനപാപിയായ എന്റെ മേൽ കൃപയുണ്ടായി എന്നെ നിന്റെ ഹൃദയത്തിനൊത്തവനാക്കുവാൻ കനിയേണമെ' എന്നു പ്രാർത്ഥിച്ചു. പിന്നീടൊരിക്കൽ ആതുരന്മാർക്കു വിശേഷമായ പലഹാരങ്ങൾ തന്റെ വസ്ത്രത്തിലാക്കി താങ്ങിപ്പിടിച്ചുകൊണ്ടു പോകുമ്പോൾ ഭർത്താവു എലിസബെത്തിനെകണ്ടു് താൻ കൊണ്ടുപോകുന്നതു എന്തെന്നു കാണിപ്പാൻ ആവശ്യപ്പെട്ടപ്പോൾ പൂക്കളുടെ കാലമല്ലായിരുന്നു എങ്കിലും പലഹാരം മുഴുവനും മുഴുത്തതും വെളുത്തതുമായ റോസപ്പൂക്കൾ ആയി പകർന്നു എന്നു ഒരു കഥയും ഈ മഹതിയെക്കുറിച്ചു എഴുതപ്പെട്ടിട്ടുണ്ടു്. ഭർത്താവിന്റെ കാലശേഷം വിശുദ്ധയായ ഈ സ്ത്രീ കുട്ടികളോടുകൂടി അരമനയിൽനിന്നു പുറത്തുതള്ളപ്പെട്ട വിശപ്പും തണുപ്പും സഹിച്ചുകൊണ്ടു് എതാനും കൊല്ലം തെരുവുകളിൽ അലഞ്ഞുനടന്നു കഴിച്ചുകൂട്ടിയെന്നും ആ നാളുകളിൽപോലും തന്റെ ഔദാര്യംമൂലം അനേകരെ മാനസാന്തരപ്പെടുത്തിയെന്നും പറയപ്പെടുന്നു. ക്രിസ്താബ്ദം ഫ്രഡറിക്ക് തന്റെ ഇരുപത്തൊമ്പതാമത്തെ വയസ്സിൽ മരിച്ച ഈ വിശുദ്ധയുടെ തിരുനാളാണ് തിരുസഭ നവമ്പർ പതിനേഴാംനു ആഘോഷിക്കുന്നതു്.

ജപ്പാൻരാജ്യ സ്ഥാനാപതിയായി ലണ്ടനിൽ താമസിക്കുന്ന മാറ്റ്സുയി പ്രഭുവിന്റെ പുത്രൻ ജോൺ പാൾ മാറ്റ്സുയി, ജപ്പാനിൽവച്ചു് കത്തോലിക്കസഭയിൽ ചേരുകയുണ്ടായി.

വിശ്വാസികൾ വി. കുർബാന ദിനംപ്രതി കൈക്കൊള്ളുന്നതു നല്ലതാണ്.

ഒരു ബാലന്റെ പ്രാർത്ഥന.

(ശ്രീമാൻ പീറർ കളപ്പുരയ്ക്കൽ, കടവന്ത്ര.)

യേശുവെ! നിത്യവും നിന്മുഖം കാണുവാ-
നാശ വഴ്ചിച്ചിവൻ വാഴ്മാറാകണം;
ഏതിലും മുന്നമിനിക്കുപകാരിയാ-
മേശുവെ! നിന്നെ ഞാനോക്കുമാറാകണം;
ആദിയിൽനിന്നെ ഞാനോക്കാതെ ഭൂമിയി-
ലേതൊരു ജോലിയും ചെയ്യാതിരിക്കണം;
ആകുലം നീക്കണമാമയം പോക്കണം
ആകവെ മന്ദത നീക്കി രക്ഷിക്കണം;
നിന്തിരു നാമമെൻ നാവിലുദിക്കണം
ചിന്തയിലും തിരുനാമമിരിക്കണം;
ഏന്തിലും നിന്നെ ഞാൻ കണ്ടുപഠിക്കണം
സന്തതമെൻമഹാ പാപം പൊറുക്കണം;
മന്നാക്കുമന്നനാമങ്ങയ്ക്കു നിഷ്ഠമാ-
യൊന്നുമിപ്പാമരൻ ചെയ്യാതിരിക്കണം;
എന്നിലെളിമ നീ തന്നു രക്ഷിക്കണം
നിന്ദിതമെന്നുടെ ലോഭമൊഴിക്കണം;
ദുർമ്മോഹമെന്നിലില്ലാതെയാക്കീടണം
കന്മഷം ചേരുമരിശവും നീക്കണം;
സർവ്വം ത്യജിച്ചു ഞാനുവ്വിയിലെന്നുടെ
സർവ്വേശനെപ്രതി വാഴ്മാറാകണം;
അന്യർക്കിവനുപകാരിയായീടുവാൻ
ധന്യരിൽ ധന്യാ! ത്വണയ്ക്കുമാറാകണം;
സാത്താനുടെ ത്വണമായുള്ള സൂയയെ
നിത്യമായെന്നിലില്ലാതയാക്കീടണം;
കർത്തവ്യബോധമിനിക്കുതന്നെന്നുടെ
വൃത്തിയിലുത്സുകനാക്കി രക്ഷിക്കണം;
സത്യം പറഞ്ഞു ഞാൻ കായ്യം നടത്തുവാൻ
സത്യദൈവം ത്വണച്ചീടുമാറാകണം; (തുടരും.)

അങ്ങിനെ ചെയ്യേണമെന്നു തിരുസഭ ഉപദേശിക്കുന്നു.

തിരുഹൃദയത്തിൽ ശരണംപ്രാപിക്കുക.

(റവ. ഫാദർ ഫ്രെസ്ക് ചിറയ്ക്കൽ)

വീട്ടിലെ കാഴ്ച ആകപ്പാടെ വളരെ പരിതാപകരമായിരുന്നു. അമ്മ മരിക്കയേ ഉള്ളൂ എന്നായി. അവർ സഭയുടെ അന്ത്യകൂദാശകളെല്ലാം സ്വീകരിച്ചുകഴിഞ്ഞു. ആ ആവശ്യത്തിലേക്കായി വന്ന വൈദികൻ മടങ്ങി. അമ്മ കിടന്നിരുന്ന മുറിയിൽ ഒരു വെള്ളവിരിച്ച മേശപ്പുറത്തു കത്തിനിന്നിരുന്ന അനേകം മെഴുതിരികളുടെയിടയിൽ കുരിശുരൂപം വിളങ്ങി. മിനിസ്ട്രേയിട്ടൻറെ—ആസന്നമരണയായ ആ അമ്മയുടെ പേരായിരുന്നു— ഒരേ ഒരു മകൻ ആ മേശയ്ക്കടുത്തു മുട്ടുകുത്തി കണ്ണുനിറയെ വെള്ളവുമായി തൻറെ അമ്മയുടെ മുഖത്തേയ്ക്കുതന്നെ നോക്കിക്കൊണ്ടു നിശ്ചലനായിരുന്നു. ആ അമ്മയുടെ മകളും അടുത്തു ഒരു കവച്ചിയിന്മേൽ ഇരുന്നിരുന്നു. മകൾക്കു വയസ്സു ഏഴു ആയി. അവളുടെ പേർ മരിയ എന്നായിരുന്നു. അവളും കരഞ്ഞുകൊണ്ടാണിരുന്നതു്. അമ്മ കണ്ണുമിഴിച്ചു മക്കളെ നോക്കി "പ്രിയപ്പെട്ട മരിയേ! കുറെ പോയി വിശുദ്ധമിക്കു" എന്നു പറഞ്ഞു.

മരിയ:— "പക്ഷേ അമ്മേ, അമ്മേ,"—അവൾക്കു ശേഷം പറവാനുള്ള ശക്തിയുണ്ടായില്ല. അവൾ വല്ലാതെ നെടുവീർപ്പിട്ടു.

അമ്മ:— "നീ പറയാൻവന്നതു എനിക്കു മനസ്സിലായി. ഞാൻ പോകാറായില്ല. നീ പോയി കുറച്ചു വിശുദ്ധമിക്കു. മകനേ, ബെർണാർഡെ! നീ അവളെ കൊണ്ടുചെന്നു് അകത്താക്കി വരൂ" ബെർണാർഡു പാഞ്ഞപോലെ കേട്ടു.

എന്തെങ്കിലും വിശേഷമുണ്ടെങ്കിൽ തന്നെ വിളിയ്ക്കണമെന്നു പറഞ്ഞിട്ടു അവൾ കിടക്കാൻ പോയി.

"പെങ്ങളെ, എന്തെങ്കിലും വിശേഷമുണ്ടെങ്കിൽ ഞാൻ അപ്പോൾ വിളിക്കാം. ഞാൻ അമ്മയുടെ അടുത്തുതന്നെയുണ്ടാവും" എന്നു ബെർണാർഡും ഉറപ്പായി പറഞ്ഞു് സഹോദരിയെ ആശ്വസിപ്പിച്ചു.

ബെർണാർഡിനു തൻറെ സഹോദരിയെ വലിയ സ്നേഹമായിരുന്നു. അവൾക്കു ചെറുപ്പത്തിൽ ഒരു വീഴ്ച പറ്റിയതിനാലാണു് അവൾക്കു നല്ല ആരോഗ്യമില്ലാതിരുന്നതു്. തനിക്കു ജോലിയില്ലാത്ത സമയമെല്ലാം ബെർണാർഡു സഹോദരിയെ വിനോദിപ്പിച്ചുകൊണ്ടു് അരികെ ഇരിക്കും. അവരെല്ലാം വളരെ ഒരുമയോടുകൂടിയാണു് കഴിഞ്ഞതു്.

വിശുദ്ധ കുമ്പാനു കൈക്കൊള്ളുന്നതിനു മുന്നു സംഗതി ആവശ്യമാണു്.

മരണം എപ്പോഴോ തങ്ങളെ വേർപെടുത്തുവാൻ പോകുന്നുവെന്നോ ത്തിട്ടുള്ള ഭയമേ അവൾക്കുണ്ടായിരുന്നുള്ളൂ. പ്രധാനമായി ആ പെണ്ണിനായിരുന്നു ഈ ഭയം. മകനു ആ പാടില്ലാത്ത സഹോദരിയെ തനിയേ വിട്ടിട്ട് അമ്മ മരിക്കുമെന്നുള്ള ശങ്കതന്നെ ഉണ്ടായിരുന്നില്ല. അങ്ങിനെ വരുമെന്നു അയാൾക്കു ചിന്തിപ്പാൻപോലും കഴിഞ്ഞില്ല. കുറച്ചു ദിവസത്തെ സുഖക്കേടു, ആശ്വസിപ്പാൻ വഴിയില്ലെന്നുള്ള ഡോക്ടരുടെ അഭിപ്രായം —ഇത്രമാത്രംകൊണ്ടു് അമ്മ മരിച്ചുപോകുമെന്നു അയാൾ ഏതായാലും വിചാരിച്ചില്ല. അയാൾ സാവധാനത്തിൽ അമ്മയുടെ അരികത്തെത്തി പഴയപോലെ മുട്ടുകുത്തി നിന്നു.

അമ്മ:— "ബെർണാർഡു, നീ ഒന്നു ചെയ്യുമെങ്കിൽ ഞാൻ സമാധാനമായിരിക്കാം. നിന്റെ പെങ്ങൾക്കുവേണ്ടി നീ ഈ ചെറിയ കുടുംബം കുഴപ്പംകൂടാതെ കൊണ്ടുപോകണം. എന്തു സംഭവിച്ചാലും അവളെക്കുറിച്ചു നീ പ്രത്യേകം ശ്രദ്ധിച്ചുകൊള്ളണം. ഇതു ചെയ്യുന്നതിനു നിനക്കു ചില ബുദ്ധിമുട്ടുകൾ എല്ലാം ഉണ്ടായേക്കാം. എന്നാൽ എനിക്കുള്ളതു ഞാൻ അവൾക്കായി കൊടുക്കാം. അതു നിനക്കു സഹായമാകും. അവൾക്കു വളരെ നാളത്തെ താമസം ഉണ്ടാകില്ല. എന്തെന്നാൽ അവൾ വേഗം എന്നോടുകൂടെ സ്വർഗ്ഗത്തിൽ ചേരണമെന്നാണു് എന്റെ അവസാന പ്രാർത്ഥന. നീ ഞാൻ പറഞ്ഞതുപോലെ ചെയ്യാമെന്നു വാഗ്ദാനം ചെയ്കയില്ലെ?".

ബെർണാർഡു തലകുനിച്ചു, ഒന്നും ഉത്തരംപറഞ്ഞില്ല. പട്ടത്തിനു പഠിക്കണമെന്നു അയാൾക്കു ഒരു പുതിയ മോഹം ഉണ്ടായിട്ടുണ്ടായിരുന്നു. ആ ആശകളെ അതിവേഗത്തിൽ കൈവെടിയേണ്ടിവരുമെന്നു അയാൾ കരുതിയില്ല. അയാളുടെ ഈ ആഗ്രഹം മരിയ അറിഞ്ഞിരുന്നു. അവൾക്കു് അതു വലിയ സന്തോഷവും ആയിരുന്നു. അവർ രണ്ടുപേരും ഇക്കഥ അമ്മയോടു പറഞ്ഞില്ല. തന്റെ ദൈവവിളി അതാണെന്നു സൂക്ഷ്മമായിട്ട് പറയാമെന്നവച്ചാണ് രഹസ്യമാക്കി സൂക്ഷിച്ചതു്. എതായാലും അയാൾ മിണ്ടാതെനിന്നപ്പോൾ അമ്മ ചോദിച്ചു: "പ്രിയപ്പെട്ട ബെർണാർഡു, നീ അതു ചെയ്യുമൊ? അതു എനിക്കു വളരെ സന്തോഷമായിരിക്കും.

മകൻ:— സകലവും തിരുഹൃദയത്തിങ്കൽ സമർപ്പിച്ചുകൊണ്ടു, "ചെയ്യാം."

മന്നാമതു, ആത്മാവിൽ ദൈവേഷ്ടപ്രകാരം ഉണ്ടായിരിക്കണം.

അമ്മെ, ഞാൻ അങ്ങിനെതന്നെ ചെയ്യാം" എന്നുപറഞ്ഞു. ഒന്നര രണ്ടു മണിക്കൂറിനകം ആ സാധു സ്ത്രീ മരിക്കയും ചെയ്തു.

അതിനുശേഷം ഒരാഴ്ചകഴിഞ്ഞുമാത്രമെ അവരുടെ ഭാവിയെക്കുറിച്ചു സംസാരിപ്പാൻ മരിയയ്ക്കു കഴിഞ്ഞുള്ളൂ. ഒരു ദിവസം അവർ ഇങ്ങിനെ പറഞ്ഞു: "ബെർണാർഡെ, ഇനി നാം എന്താണ് വേണ്ടതു്. നിന്റെ മോഹങ്ങൾ ഞാനറിയുന്നു. ഞാൻ അതിനൊരു തടസ്ഥമായി നില്പാൻ വിചാരിക്കുന്നില്ല."

"അതെല്ലാം ദൈവം നിശ്ചയിക്കുംപോലെ നടക്കും. നമുക്കു ക്ഷമിച്ചിരുന്നു വേണ്ടവഴിക്കു നമ്മെ നടത്തണമെന്നു പ്രാർത്ഥിക്കാം. അപ്പോൾ എല്ലാം നേരെയാവും. ഒന്നും ഭയപ്പെടാനില്ല." എന്നു അയാൾ ഉത്തരവും പറഞ്ഞു.

മരിയ:— അമ്മ എന്തു പറഞ്ഞു? എന്തൊക്കെയോ അമ്മ നിന്നോടു പദേശിച്ചിരിക്കുമെന്നു തോന്നുന്നുണ്ടു്.

നമ്മളിൽ പലരും പള്ളികളുടെ മുൻവശംകൂടി ദിനംപ്രതി കടന്നുപോകുന്നുണ്ടല്ലൊ. അതിനുള്ളിൽ കയറി അവിടെ സക്രാരിയിൽ എഴുന്നള്ളിയിരിക്കുന്ന കർത്താവിനെ അല്പനേരത്തേക്കു സന്ദർശിക്കരുതൊ? അതിനു സമയമില്ലെങ്കിൽ, പുറമെയുള്ള ഏതെങ്കിലും ഒരു പ്രവൃത്തിയാൽ കർത്താവിനു ഒരു വന്ദനം പറയരുതൊ? തലകുനിച്ചൊ, തൊപ്പി തലയിൽനിന്നു ഒന്നു എടുത്തൊ വന്ദനംപറയാനെന്തു വിരോധം? അങ്ങിനെ ചെയ്യുന്നതു കർത്താവിനു വളരെ ഇഷ്ടമായിരിക്കും. നൂറുദിവസത്തെ ദണ്ഡവിമോചനത്തിനു പുറമെ, കർത്താവിന്റെ അനുഗ്രഹവും ലഭിക്കുന്നതാണ്.

സഹോ:— അമ്മയ്ക്കുവേണ്ടി നിന്നെക്കുറിച്ചു ശ്രദ്ധിച്ചുകൊള്ളുണമെന്നു അമ്മ പറഞ്ഞു.

മരിയ:— ഓ ബെർണാർഡെ, ഞാൻ നിനക്കു എത്ര വലിയ ഒരു ഭാരമാകും. നാളെ ജൂൺ ഫ്രാൻസ-യാണ്. അതു തിരുഹൃദയഭക്തന്മാരുടെ മാസമാണല്ലൊ. നമുക്കു രണ്ടാൾക്കും തിരുഹൃദയത്തോടു പ്രാർത്ഥിക്കാം. അവിടുന്നു സകല പ്രയാസങ്ങളും തീർത്തുതരാതിരിക്കയില്ല.

രണ്ടാമതു്, പാതിരാമുതൽ കു: കൈക്കൊള്ളുന്നതുവരെ ഉപവസിക്കണം.

ബെർ:— ദൈവഹിതം അപ്രകാരമെങ്കിൽ— ഒരുവേള അത്ര ശ്രേഷ്ഠമായ ഒരു ജോലിക്കു ഞാൻ പ്രാപ്തനല്ലായിരിക്കാം—എന്തിനു പറയുന്നു; അതു നിന്റെ ആഗ്രഹംപോലെയാകട്ടെ. പെങ്ങളെ നീ സന്തോഷിക്കു്. ദൈവത്തിനു എല്ലാം അറിയാം.

ആ മാസം കഴിഞ്ഞു. പക്ഷേ മരിയക്കു ക്ഷീണം അധികമധികമായി. ബെർണാർഡു സമർത്ഥനായ ഒരു വൈദ്യനെവിളിച്ചു കാണിച്ചു. അവളെ അവനു വളരെ സ്നേഹമായിരുന്നു ലോകവുമായി അവളല്ലാതെ വേറെ ഒരു ബന്ധം അവനുണ്ടായിരുന്നില്ല. അവൾ ജീവിക്കുമെന്നതന്നെയല്ലാ അവളുടെ സുഖക്കേടു തീരെ മാറുമെന്നുകൂടി വൈദ്യൻ പറഞ്ഞു. ബെർണാർഡു വളരെ ശക്തിയായി അവൾക്കുവേണ്ടി അപേക്ഷിക്കാൻ തുടങ്ങി. സഹോദരിയുടെ സൗഖ്യത്തിനുവേണ്ടി അയാൾ നേർച്ചകൾ നേരുകയും മറു വേണ്ടുന്നതെല്ലാം ചെയ്കയും ചെയ്തു.

മാസങ്ങൾ ഒട്ടേറെ കഴിഞ്ഞു. അവൾക്കു പൂർവ്വാധികം ആരോഗ്യം വന്നുതുടങ്ങി. ദൈവപ്രകാശം അവളുടെമേൽ ഉദിച്ചു. അവളുടെ വഴി സുഗമമായി അവൾ താൻ ജീവിതയുദ്ധത്തെ നയിക്കേണ്ട സംഗതി ആലോചിച്ചിട്ടതന്നെ ഇല്ലായിരുന്നു. അമ്മയെ സഹായിച്ചുകൊണ്ടു അമ്മയുമൊന്നിച്ചു മരണംവരെ താമസിക്കാമെന്നായിരുന്നു അവളുടെ വിചാരം. ആരോഗ്യമുണ്ടായപ്പോൾ ദൈവശുശ്രൂഷചെയ്തു കാലംനയിപ്പാൻ അവൾ നിശ്ചയിച്ചു. അവൾ കാൽനടയായി നടന്നു കുമ്പാനകൈക്കൊള്ളുവാൻ പോയപ്പോൾ അവൾക്കു വളരെ സന്തോഷമായി. ഇന്നേവരെ അവൾ വണ്ടിയിലാണ്ു പോകാറുപതിവു്. "എന്റെ സുഖക്കേടെല്ലാം പോയിരിക്കുന്നു. ഇപ്പോൾ എനിക്കു പൂർണ്ണ ആരോഗ്യം തോന്നുന്നു" എന്നു അവൾ അന്നു പറഞ്ഞു. "അമ്മ സന്തുഷ്ടിയിലിരുന്നു വളരെ പ്രാർത്ഥിക്കുന്നുണ്ടായിരിക്കണം" എന്നു സഹോദരൻ ഉത്തരം പറയുകയും ചെയ്തു.

മരിയ:— "ഇനി എന്നെക്കുറിച്ചു ചിന്തിക്കേണ്ടതില്ല. സഹോദരൻ സ്വാതന്ത്ര്യമായി പ്രവർത്തിച്ചുകൊള്ളു".

ബെർ:— അതില്ല, നിന്റെ സുഖസ്ഥിതിക്കു ഞാൻ ഉത്തരവാദിയാണ്ു. പെങ്ങൾക്കു അല്പം സുഖമുണ്ടെങ്കിലും പെങ്ങളെത്തന്നെ വിട്ടിട്ടു ഞാൻ എങ്ങും പോകയില്ല. സഹോദരാ, എന്നെ ദൈവത്തിനു മാത്രം കൊടുക്കാൻ നിനക്കിഷ്ടമായിരിക്കും. അല്ലെ? ദൈവം

മൂന്നാമതു്; അതിനെ കൈക്കൊള്ളുവാൻ ആഗ്രഹവും ഭക്തിയും വേണം.

നീനക്കുതന്ന ദാനം എനിക്കും തന്നിട്ടുണ്ട്. എനിക്കും അവിടത്തെ ശുശ്രൂഷചെയ്യാൻ താൽപര്യമുണ്ട്. ഞാനും എന്റെ ജീവിതം അങ്ങിനെ കഴിപ്പാനാണ് രീച്ച്യയാക്കിയിട്ടുള്ളത്. നീ ആദ്യം ചൊല്ലുന്ന കുബ്ബാനയ്ക്ക് ഞാനും ഉണ്ടായിരിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു.

കൊല്ലം പത്തുകഴിഞ്ഞു. മരിയ ഇഹലോകം വിടുവാനുള്ള വട്ടമായി. അവളുടെ ചെറിയ മുറി ഒരു കൂപ്പേളയാക്കികഴിഞ്ഞിരിക്കുന്നു. "അദ്ദേഹം വേഗം വരികയില്ലേ" എന്നു മരിക്കാറായ കന്യാസ്ത്രീ ചോദിച്ചു. അപ്പോഴേയ്ക്കും ഫാദർ ബെർണാർഡു എത്തിക്കഴിഞ്ഞു. സന്യാസിനിമാർ മരിയയെ താങ്ങിയെടുത്തു സഹോദരൻ കുബ്ബാനയണക്കുന്നതു കാണത്തക്കവിധം ഇരുത്തി. തന്റെ സഹോദരൻ വിശുദ്ധ കുബ്ബാനയും കൈയിൽ എടുത്തുകൊണ്ടു തന്നെ സമീപിച്ചപ്പോൾ അവൾക്കുണ്ടായ ആനന്ദത്തിനു കണക്കില്ല. ഫാദർ ബെർണാർഡു അവസാനവാഴ്ച്ച കൊടുപ്പാൻ ചെന്നപ്പോൾ അവൾ സന്തോഷത്തോടുകൂടി പുഞ്ചിരിയിട്ടു. വളരെ താമസിയാതെ ആ സുകൃതിനി എന്നെന്നേക്കും കണ്ണടക്കുകയും ചെയ്തു.

പ്രസിദ്ധനും ഒരു ഉത്തമ കത്തോലിക്കാ ഗ്രന്ഥകാരനുമായ ഡോ: അർമാന്റെ പലാച്ചിയോ വാൾഡെസ് എന്ന ദേഹത്തെ 'നോബെൽ പ്രൈസ്' എന്ന മഹാ സമ്മാനത്തിനു് അർഹനായി മാഡ്രിഡിലെ പത്രസംഘം ശുപാർശ ചെയ്തിരിക്കുന്നു.

* * *

അയർലാണ്ടിൽ മെയിന്തുത്തു് എന്ന സ്ഥലത്തു ആ രാജ്യത്തിലെ എല്ലാ മെത്രാന്മാരും കൂടിയുള്ള ഒരു പൊതുസൂനഹദോസു് അടുത്തുതന്നെ കൂടുവാൻ നിശ്ചയിച്ചിരിക്കുന്നു. ഡബ്ലിൻ എന്ന തലസ്ഥാനപട്ടണത്തിൽ പ്രൊട്ടസ്റ്റാന്റുകാരുടെ വകയായ 'ട്രിനിറി കോളേജിൽ' കത്തോലിക്കർ ചേർന്നു പഠിച്ചുകൂടാ എന്നു ആ സൂനഹദോസിൽ ഒരു നിശ്ചയം പാസാക്കുമെന്നറിയുന്നു.

ഈ മൂന്നു കാര്യങ്ങൾ എളുപ്പം സാധിക്കാവുന്നതാണ്.

വോൾട്ടാ.

ഏവ്വാം നൂറാണ്ടിൽ ജീവിച്ചിരുന്ന വോൾട്ടാ ഒരു വലിയ ശാസ്ത്രാന്വേഷണകുശലനായിരുന്നു. വൈദ്യുതശക്തിയെ സംബന്ധിച്ചു് പല തത്വങ്ങളും അദ്ദേഹം കണ്ടുപിടിക്കയും തത്സംബന്ധമായ ചില സാമഗ്രികൾക്കു അദ്ദേഹത്തിന്റെ പേർ നൽകുകയും ചെയ്തിട്ടുണ്ടു്. അദ്ദേഹം ഒരു ഭക്തനായ കത്തോലിക്കനും ആയിരുന്നു. അദ്ദേഹം മരിച്ചിട്ടു് നൂറു കൊല്ലം തികയുന്ന അവസരത്തെ ആഘോഷിക്കുന്നതിനു് ശാസ്ത്രജ്ഞന്മാർ ഒരുക്കങ്ങൾ ചെയ്യുവരുന്നു. മുപ്പതു രാജ്യശക്തികൾ ഈ ആഘോഷത്തിൽ സംബന്ധിക്കാൻ തീർച്ചയാക്കിയിരിക്കുന്നു.

ഇദ്ദേഹം ജീവനോടിരിക്കുമ്പോൾ ഒരിക്കൽ സിസേറി എന്ന ഒരു വൈദികൻ ആസന്നമരണനായ ഒരു മാന്യനു് ആത്മീയ ശുശ്രൂഷകൾ ചെയ്വാനായി ചെന്നു. പാപിയായ ആ മനുഷ്യനെ ദൈവത്തിൽ ശരണം പ്രാപിപ്പിക്കുന്നതിനു് വൈദികൻ പലതും പ്രയത്നിച്ചിട്ടും സാദ്ധ്യമായില്ല. വലിയ ശാസ്ത്രജ്ഞന്മാരായ പണ്ഡിതന്മാർ എല്ലാം കത്തോലിക്കാ മതത്തിൽ വിശ്വാസമില്ലാത്തവരാണെന്നും അതുകൊണ്ടു് താനും അതിൽ വിശ്വസിക്കുന്നില്ലെന്നും ആണു് അദ്ദേഹം പറഞ്ഞതു്. അവസാനം, വൈദികൻ, വോൾട്ടാ ഒരു നല്ല കത്തോലിക്കനാണല്ലോ എന്നു പറഞ്ഞപ്പോൾ അതു തെളിഞ്ഞാൽ താനും കത്തോലിക്കനായിക്കൊള്ളാമെന്നു പാപി ഏറ്റുപറകയും തദനുസരണം വൈദികൻ വോൾട്ടായ്ക്കു് ഒരു എഴുത്തെഴുതുകയും ചെയ്തു. വോൾട്ടായുടെ മറുപടിയുടെ സാരം ഇപ്രകാരമായിരുന്നു: "ഞാൻ വിശ്വസിക്കുന്ന മതത്തോടു അതായതു റോമൻ കത്തോലിക്കാ മതത്തോടുള്ള എന്റെ സത്യമായ വിശ്വാസത്തെക്കുറിച്ചു് ആർക്കു സംശയിക്കാൻ കഴിയും? ഞാൻ ജനിച്ചതും വളർന്നതും വിദ്യാഭ്യാസംചെയ്തതും ആ മതത്തിൽ തന്നെ. ഞാൻ അകമേയും പുറമേയും വിശ്വസിയ്ക്കുന്ന മതവും അതുതന്നെ. നിർഭാഗ്യവശാൽ ഒരു കൃസ്ത്യാനി, വിശിഷ്യ, കത്തോലിക്കൻ ചെയ്യേണ്ടകർത്തവ്യങ്ങളിൽ പലതും ഞാൻ ലോപിക്കയും അപ്രകാരം അപരാധി ആയിത്തീരുകയും ചെയ്തിട്ടുണ്ടു്. എന്നാൽ ദൈവത്തിന്റെ പ്രത്യേക കൃപയാൽ എന്റെ മനസ്സാക്ഷിപ്രകാരം മതവിശ്വാസകാര്യത്തിൽ എനിക്കു ന്യൂനതയുണ്ടായിട്ടില്ല. മേൽപറഞ്ഞ സംഗതികൊണ്ടു ആരെങ്കിലും എന്റെ വിശ്വാസത്തെ സംശയിച്ചിട്ടുണ്ടെങ്കിൽ അതിനെ പരിഹരിപ്പാനായി ഞാൻ ഇതാ ഒരു

വിശ്വാസ പ്രഖ്യാപനം ചെയ്തുകൊള്ളുന്നു. കത്തോലിക്കാമതം സത്യമായതും തെറ്റിപ്പോകാൻ പാടില്ലാത്തതുമായ ഏകസത്യമതമാണെന്നാകുന്നു എന്റെ വിശ്വാസം. ഇതു ഞാൻ ഓരോരുത്തരോടും പറഞ്ഞുകൊള്ളുന്നു. ആ മതത്തെ എന്റെ ഹൃദയത്തിൽ വേരുന്നിച്ചതിനു ഞാൻ എന്നും ദൈവത്തോടു നന്ദിയുള്ളവനായിരിക്കും. ഞാൻ ഈ മതത്തിൽ ജീവിപ്പാനും മരിക്കാനും സ്ഥിരമായും ഉറപ്പായും തീർച്ചപ്പെട്ടിരിക്കുന്നു. ഞാൻ നിത്യജീവിതത്തിൽ വിശ്വസിക്കുന്നു. അതു പ്രകൃത്യതീത വിശ്വാസമായി ദൈവം തന്നിട്ടുള്ള ഒരു പ്രത്യേകദാനമാണെന്നു ഞാൻ വിശ്വസിക്കുന്നു. എന്നെ എന്റെ വിശ്വാസത്തിൽ ദൃഢപ്പെടുത്തുവാനായി എല്ലാ മാനുഷികമാർഗ്ഗങ്ങളേയും ഞാൻ സ്വീകരിച്ചിട്ടുണ്ട്. ഇതിലേക്കായി സഭാശത്രുക്കളുടെ ആക്ഷേപങ്ങളെ ഞാൻ വായിക്കയും വിശ്വാസത്തിനു അനുകൂലവും പ്രതികൂലവുമായ യുക്തികളെയെല്ലാം ആലോചിക്കയും ചെയ്തിട്ടുണ്ട്. കത്തോലിക്കാമതം സാധാരണ ബുദ്ധിയുള്ളപോലും പൂർണ്ണമായി വിശ്വസിക്കത്തക്കതാണ്. ദുർഗ്രഹണങ്ങളാലും ഇന്ദ്രിയമോഹങ്ങളാലും അതുമാക്കപ്പെടാത്ത എല്ലാ ഹൃദയവും ആ മതത്തെ സ്നേഹിക്കാതേയും മാനിക്കാതേയും കഴികയില്ല. ഈ പ്രഖ്യാപനം ഗ്രന്ഥത്തിന്നായി തീർന്നിട്ടു. അതെ അതു ഗ്രന്ഥത്തിനായിതന്നെ തീർന്നു. കത്തു വായിച്ചു കേട്ടുടൻ രോഗി മാനസാന്തരപ്പെട്ടുകയും ചെയ്തു. പോൾട്ടായുടെ മേലെഴുതിയ കത്തു അദ്ദേഹത്തിന്റെ രിക്കാട്ടുകളുടെ കൂട്ടത്തിൽനിന്നു തന്റെ അനന്തിരവൻ അമ്പതു കൊല്ലാമുമ്പു് കണ്ടെടുത്തതാണു്.

ഇക്കഴിഞ്ഞമാസം പാലായിൽവച്ചു നടന്ന 'കേരളീയ കത്തോലിക്കാ കോൺഗ്രസ്സ് വാര'ത്തിന്റെ അത്ഭുതപൂർവ്വമായ വിജയത്തിൽ 'ചന്ദ്രിക' അത്യന്തം സന്തോഷിക്കുകയും തൽപ്രവർത്തകന്മാരുടെ പൊതുക്കായ്ക്കു പ്രസക്തിയേയും കാഴ്ചനിർവ്വഹണ സാമർത്ഥ്യത്തേയും മാർഗ്ഗമായി അഭിനന്ദിക്കുകയും ചെയ്യുന്നു. കോൺഗ്രസ്സിന്റെ ആഭിമുഖ്യത്തിൽ നടത്തിയ ഗദ്യപദ്യ മത്സരപരീക്ഷയിൽ വിജയികളായവരെ 'ചന്ദ്രിക' അനുമോദിക്കുന്നു. പദ്യപരീക്ഷയിൽ വിജയിയായി സ്വർണ്ണമെഡൽ ലഭിച്ച പ്രവിത്താനം മിസ്റ്റർ പി. എ. ദേവസ്യായെ അവിടത്തെ സി. വൈ. എം. എ ഒരു വിശേഷാൽ യോഗംകൂടി അനുമോദിച്ചതു് സ്തുത്യർഹംതന്നെ.

മാതാവുവഴിയായിട്ടാണ് ദേവാംശയെ നമുക്കു ലഭിച്ചതു്.

മദ്ധ്യസ്ഥ നൊവേനകൾ.

മൂക്കന്നൂർ അനാഥശാലയുടെ ബ. മാനേജരച്ചൻ ഇപ്രകാരം എഴുതി അയച്ചിരിക്കുന്നു:—

ഇന്നു ലോകമൊട്ടുക്കുള്ള ജനങ്ങളുടെ വിശേഷാൽ ഭക്തിക്കു വിഷയമായി ഭവിച്ചിരിക്കുന്ന കൊച്ചുത്രേസ്യാപുണ്യവതിയെ എറണാകുളം അതിരൂപതവക മൂക്കന്നൂർ തിരുഹൃദയ അനാഥശാലയുടെ പ്രത്യേക മദ്ധ്യസ്ഥയും സംരക്ഷകയുമായിട്ടു തെരഞ്ഞെടുത്തു; ആ വിശുദ്ധയുടെ മാദ്ധ്യസ്ഥാപേക്ഷകളെ യാചിച്ചുകൊണ്ടു കഴിഞ്ഞ ജനുവരിമുതൽ മാസംതോറും ഒരു നവനാൾ ജപം (നൊവേന) പ്രസ്തുത സ്ഥാപനത്തിൽ സാഘോഷം നടത്തപ്പെട്ടുന്നുണ്ടെന്നുള്ള വിവരം എല്ലാവരേയും സന്തോഷപൂർസ്സരം അറിയിച്ചുകൊള്ളുന്നു.

പ്രസ്തുത നൊവേനകളിൽ പങ്കുകൊള്ളേണമെന്നു ആഗ്രഹിക്കുന്നവർ താഴെ വിവരിക്കുംവിധം പ്രവർത്തിക്കേണ്ടതാകുന്നു.

കൊച്ചുത്രേസ്യാപുണ്യവതി വഴിയായി സിദ്ധിക്കേണമെന്നു ഉദ്ദേശിക്കുന്ന കാര്യം ഒരു അപേക്ഷയുടെ രൂപത്തിൽ (“വിശുദ്ധ കൊച്ചുത്രേസ്യായെ, ഞാൻ ഇക്കൊല്ലത്തെ പരീക്ഷയിൽ ജയിപ്പാൻ എനിക്കുവേണ്ടി ദൈവത്തോടു അപേക്ഷിക്കേണമെ,” എന്നോ മറ്റോ) ഒരു കടലാസ്സിൽ എഴുതി അതു ഒരു ചെറിയ കുട്ടിലിട്ടു പശവച്ചു പുറത്തു “മൂക്കന്നൂർ തിരുഹൃദയ അനാഥശാലയിൽ വി. കൊച്ചുത്രേസ്യായുടെ പീഠത്തിങ്കലേക്കു” എന്നെഴുതണം. (ഇങ്ങനെ അപേക്ഷകൾ എഴുതുന്നതോടുകൂടി കാര്യം സാധിക്കുന്നപക്ഷം, എന്തെങ്കിലും ധർമ്മം അനാഥകുട്ടികൾക്കു കൊടുത്തുകൊള്ളാമെന്നു നിശ്ചയിക്കുന്നതു നല്ലതാണ്.) ചേരുന്ന കടലാസിൽ ഇന്നമാസത്തെ അല്ലെങ്കിൽ മാസങ്ങളിലെ നൊവേനയിൽ അപേക്ഷിക്കേണമെന്ന വിവരവും കുറിച്ചു, ഈ കുറിപ്പും മേൽപ്പറഞ്ഞ അപേക്ഷയും ഒരുമിച്ചു ഒരു ലെക്കോട്ടിലിട്ടു “മൂക്കന്നൂർ തിരുഹൃദയ അനാഥശാലയുടെ മാനേജരച്ചനവർകൾക്കു—അങ്കമാലി, (അഞ്ചൽ, തപ്പാൽ) എന്നു മേൽവിലാസത്തിൽ ഇവിടുള്ള അയച്ചുതരിക. ഈ വിധം ഇവിടെ കിട്ടുന്ന അപേക്ഷകൾ വിശുദ്ധ കൊച്ചുത്രേസ്യായുടെ സ്വരൂപത്തിൻമുമ്പാകെ വച്ചിട്ടുള്ള പെട്ടിയിൽ നിക്ഷേപിച്ചു നൊവേന നടത്തുന്നതും നിശ്ചിതദിവസങ്ങൾ കഴിഞ്ഞശേഷം അപേക്ഷകൾ തുറന്നു നോക്കാതെ

നശിപ്പിച്ചുകളയുന്നതുമാണ്. നൊവേനദിവസങ്ങളിൽ ലദീഞ്ഞു നടത്തുകയൊ കെടാവിളക്കു കത്തിക്കയൊ ചെയ്യേണമെന്നുണ്ടെങ്കിൽ ലദീഞ്ഞിനു ഫ്രാ., കെടാവിളക്കു ഒരു ദിവസത്തേക്കു രൂ൹, ൹ ദിവസത്തേക്കു ഫ്രാ., ഒരു മാസത്തേക്കു ഉ്രാ. ഈ നിരക്കിൻപ്രകാരമുള്ള സംഖ്യ മുൻകൂർ അയച്ചു ആവശ്യപ്പെട്ടാലുപക്ഷം അപ്രകാരം ചെയ്യുന്നതാണ്.

പ്രത്യേക ആവശ്യങ്ങൾ പ്രമാണിച്ചു ക്രമപ്രകാരീതിയതികളിൽ മുന്നു ദിവസത്തെ അപേക്ഷയാകുന്ന ത്രിദിന ജപങ്ങളോ നൊവേനകളൊ നടത്തേണമെന്നു ആഗ്രഹമുള്ളവർ വിവരം അറിയിച്ചാൽ അപ്രകാരം ഞങ്ങൾ പ്രവർത്തിക്കുന്നതാണ്. എന്നാൽ ആവക അപേക്ഷകൾ സഹിതം എന്തെങ്കിലും ഒരു സംഭാവന അനാഥശാലക്കായി അയക്കേണ്ടതാകുന്നു.

നൊവേനകൾ വഴിയായി സിദ്ധിക്കുന്ന ഉപകാരങ്ങൾ പ്രസിദ്ധം ചെയ്യുന്നതു വിശുദ്ധ കൊച്ചുത്രേസ്യയുടെ ഭക്തിയെ പ്രചരിപ്പിക്കുന്നതിനു ഏറ്റവും പറ്റിയ ഒരു മാർഗ്ഗമാണ്. ആകയാൽ മനോഹരങ്ങൾ പ്രസിദ്ധപ്പെടുത്തേണമെന്നാഗ്രഹിക്കുന്നവർ വിവരം ഞങ്ങളെ അറിയിച്ചാൽ അവയെ "എറണാകുളം മിസ്സം" മാസികയിലൊ "കഥാചന്ദ്രിക"യിലൊ" യഥാവസരം പ്രസിദ്ധം ചെയ്യുന്നതും അതിലേക്കു ഒരു രൂപായിൽ കുറയാത്ത ഒരു സംഭാവന മുൻകൂർ അയച്ചുതരേണ്ടതുമാണ്. ഈ വക സംഭാവനകൾ അനാഥപൈതങ്ങളുടെ സംരക്ഷണത്തിനായി വിനിയോഗിക്കുന്നതാകുന്നു.

ഫൻവരി ജൂൺ, ജൂലായി, ആഗസ്റ്റ് ഈ മാസങ്ങളിൽ താഴെപറയുന്ന ദിവസങ്ങളിൽ നൊവേനകൾ നടത്തപ്പെടും.

ജൂൺ വ൹-ാംനു-ക്കു മിഥുനം ൧-ാംനു- ബുധനാഴ്ച തുടങ്ങി ജൂൺ നാ൹-ാംനു-ക്കു മിഥുനം ൧൪-ാംനു- വ്യാഴാഴ്ച അവസാനിക്കും.

ജൂലായി വ൹-ാംനു-ക്കു കർക്കടകം ന്യ-ാംനു- വെള്ളിയാഴ്ച ആരംഭിച്ചു ജൂലായി നാ൹-ാംനു-ക്കു കർക്കടകം ഇരു-ാംനു- ശനിയാഴ്ച അവസാനിക്കും.

ആഗസ്റ്റ് വ൹-ാംനു-ക്കു ചിങ്ങം ന്യ-ാംനു- തിങ്കളാഴ്ച ആരംഭിച്ചു ആഗസ്റ്റ് നാ൹-ാംനു-ക്കു ചിങ്ങം ഇരു-ാംനു- ചൊവ്വാഴ്ച അവസാനിക്കും.

എന്നു്, മൂക്കന്നൂർ തിരുഹൃദയ അനാഥശാല മാനേജർ,

മൂക്കന്നൂർ, } മൂക്കന്നൂർ—അങ്കമാലി.
ഫൻവരി മേയ് നാ൹-ാംനു-. }

മാതാവിന്റെ അപേക്ഷയാലാണു ഔരംഭോ ആദ്യം അത്ഭുതം ചെയ്തതു്.

"തിരുഹൃദയസ്തവം"

ശ്രീമാൻ ജോസഫ് ജി. പള്ളിപ്പാടൻ ഇടപ്പിള്ളി.

("മധുരരാക വചനിയേ" എ. മ.)

രാഗം - അറാണാ. താളം - രൂപകം.

പല്ലവി.

സദയമാശിസ്സതുളീടേണെ!
യേശുദിവ്യ ഹൃദയമെ! മെ. (സദയ)

അനുപല്ലവി.

മധുരലീനഹൃദയമെ! യെൻ-
മനസി, ശാന്തഗുണമേകേണം. (സദയ)

ചരണം.

ശമദമ വാഗ്ഗുണഗണനിധെ!
പരമനുപമതമവരമതെ!
നിരവധിജനഹൃദി, തവസുധാ-
കലിതഹൃദയ മതുളിയവിധം.
ഇമ്പം മമ ഹൃദി, യെൻ - സമ്പൽഗുണനിലയേ!
അമ്പോടതുളണമെ - അമ്പുള്ള ഹൃദയമെ!
കവചിൽ - പ്രഭയെൻ-
ഹൃദയം തടവാൻ
കരുണാജലധേ!
വരമേകുകമെ!
സന്തുഷ്ടി, ചിത്തത്തിൽ - സന്തതം സച്ചിത്ത!
നിർദ്ദോഷം മുറുണമെ - മേക്കുകമെ - സല്പദമെ- (സദയ)

രണ്ടു കൊല്ലം മുമ്പ് ഇന്ത്യയിൽ അപ്പസ്തോലിക്ക് വിസിറ്ററായി എഴുന്നെള്ളിയിരുന്ന ലെപ്പീസിയെ മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് ആഫ്റിക്കായിൽ എറിത്രെയ, ആബിസീനിയാ എന്നരാജ്യങ്ങളിൽ വിസിറ്ററായി നിയോഗിക്കപ്പെട്ടിരിക്കുന്നു.

കൂദാശക്കുദശാ സ്തോത്രം.

ശ്രീമാൻ വി. ഏലിയാസ് പുന്നക്കാട്ടശ്ശേരി.

(നാനൂഖൻ നാഫിൽ വസിക്കും എന്ന മട്ട്.)

1. ബോധശേഹമായിട്ടുന്ന - പാവനസപ്തരൂപിയെ
പാവനസപ്തരൂപിയെ - നീ - ബോധദാനം ചെയ്കണം. (ബോധ)

2. പ്രാവിനുള്ള രൂപമാണ് - ധീവിലാസശേഹമെ
ധീവിലാസശേഹമെയെൻ - നാവിൽ മേവീടണമെ. (ബോധ)

3 ദാഹിക്കുമാൻപോലീദാസൻ - തേടിടുന്നവേളയിൽ
തേടിടുന്നവേളയിലെ - ന്നാടൽതീർത്തരുളണെ. (ബോധ)

കൃതജ്ഞതാ പ്രകാശനം.

1. കാണാതെപോയ മൂന്നു പോത്തുകളെ ആറു ദിവസംവരെ അന്വേഷിച്ചിട്ടും കാണാതിരിക്കയും, വി. കൊച്ചുത്രേസ്യായുടെ പ്രത്യേക സഹായത്താൽ കണ്ടുകിട്ടുകയും ചെയ്തതിനു ഉപകാരസ്മരണയായി ക. അയയ്ക്കുന്നു. തച്ചിൽ പൗലൊ ഭാര്യ മറിയം, വാഴപ്പിള്ളശ്ശേരി.

2. വി. കൊച്ചുത്രേസ്യപുണ്യവതിയുടേയും, വി. അന്തോനീസ് പുണ്യവാന്റെയും സഹായത്താൽ എന്റെ കണ്ണിലെ സുഖക്കേടിനു വളരെ ആശ്വാസം ലഭിച്ചതിനു ഉപകാരസ്മരണയായി ക. അയയ്ക്കുന്നു ഏലച്ചത്തിക്കൽ കുഞ്ഞുവറിയ്, കാര.

3. മാത്തിലെ ഒരു സഹോദരി വി. കൊച്ചുത്രേസ്യയുടെ മദ്ധ്യസ്ഥം വഴി ഇന്റർമീഡിയറ പരീക്ഷ പാസ്സായതിനു ആ പുണ്യവതിവഴി ദൈവത്തിനു ഉപകാരസ്മരണയായി ക. അയയ്ക്കുന്നു. ചെങ്ങലമറ്റം ശ്രീമതി അമ്മ.

4. വി. കൊച്ചുത്രേസ്യായുടെയും, വി. അന്തോനീസിന്റെയും, മദ്ധ്യസ്ഥത്താൽ കിട്ടിയ അനുഗ്രഹത്തിനു നന്ദിയായി ക. അയയ്ക്കുന്നു. റവ: ഫാദർ ജോൺ ആവുപ്പുട്ടു, പഴയൂർ.

5. വി. കൊച്ചുത്രേസ്യപുണ്യവതിയുടെയും, തിരുഹൃദയത്തിന്റെയും സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു നന്ദിയായി ക. അയയ്ക്കുന്നു. പി. കെ. എ, മറ്റാണാകുളം.